സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2024 ഏപ്രിൽ 17 ബുധൻ ptnizar@rediffmail.com 9037319971 www.peoplesreview.co.in


PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## ശശിധരൻ കർത്തയുടെ ചോദ്യം ചെയ്യൽ പൂർത്തിയായി; വീട്ടിൽ നിന്നും രേഖകൾ കസ്റ്റഡിയിലെടുത്തെന്ന് ഇ.ഡി

കൊച്ചി: മാസപ്പടി കേസിൽ സി.എം.ആർ.എൽ എം.ഡി ശശിധരൻ കർത്തയുടെ വീട്ടിൽ നിന്ന് രേഖകൾ കസ്റ്റഡിയിലെടുത്തെന്ന് ഇ.ഡി.

ആലുവയിലെ വീട്ടിൽ നടന്ന ചോദ്യംചെയ്യലിന് പിന്നാലെയാണ് നടപടി. ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലാണ് കർത്തയെ ചോദ്യം ചെയ്തത്.

പലതവണ ചോദ്യം ചെയ്യലിന് ഹാജരാകാനാവശ്യപ്പെട്ടിട്ടും കർത്ത ഹാജരായിരുന്നില്ല. ആരോഗ്യ പ്രശ്നങ്ങളുള്ളതിനാൽ ചോദ്യം ചെയ്യലിൽ നിന്ന് ഒഴിവാക്കണം എന്ന് ആവശ്യപ്പെട്ട് അദ്ദേഹം ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. ഈ ഹരജി പരിഗണിക്കുന്നത് കോടതി വ്യാഴാഴ്ചത്തേക്ക് മാറ്റിയിരുന്നു. ഇതിന് പിന്നാലെയാണ് ഇ.ഡി കർത്തയെ വീട്ടിൽ



പോയി ചോദ്യം ചെയ്തത്.

സാമ്പത്തിക ഇടപാടുകളിൽ കൂടുതൽ വ്യക്തത വരുത്താനാണ് ചോദ്യം ചെയ്യലെന്ന് ഇ.ഡി പറഞ്ഞു.

നേരത്തെ പ്രധാനപ്പെട്ട മൂന്ന് രേഖകൾ ഹാജരാക്കാനായി സി.എം.ആർ.എലിനോട് ഇ.ഡി ആവശ്യപ്പെട്ടിരുന്നു. എക്സാലോജിക്കുമായി ഉണ്ടാക്കിയ കരാറും എക്സാലോജിക്കുമായി നടത്തിയ പണമിടപാട് രേഖകളും ഒപ്പം എന്ത് തരം സേവനങ്ങളാണ് എക്സാലോജിക്ക് നൽകിയതെന്ന് വ്യക്തമാക്കുന്ന രേഖകളാണ് ഇ.ഡി ആവശ്യപ്പെട്ടത്. എന്നാൽ ഈ രേഖകൾ അതീവരഹസ്യമാണെന്നും എത്തിച്ചുതരാൻ സാധ്യമല്ല എന്ന നിലപാടായിരുന്നു സി.എം.ആർ.എൽ സ്വീകരിച്ചിരുന്നത്. ഈ പശ്ചാതലത്തിലാണ് ചോദ്യം ചെയ്യൽ ആരംഭിച്ചത്.

കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി അഞ്ച് ഉദ്യോഗസ്ഥരെ ഇ.ഡി ചോദ്യം ചെയ്തു. ചീഫ് ഫിനാൻസ് ഓഫീസർ സുരേഷ് കുമാർ, ഐടി മാനേജർ എൻ.സി.ചന്ദ്രശേഖരൻ, കമ്പനി സെക്രട്ടറി പി.സുരേഷ് കുമാർ, സീനിയർ ഓഫീസർ അഞ്ജു, മുൻ കാഷ്യർ വാസുദേവൻ എന്നിവരെയാണ് അന്വേഷണ സംഘം ചോദ്യം ചെയ്തത്.

സി.എം.ആർ.എൽ പ്രതിനിധികളിൽ നിന്ന് പരമാവധി വിവരശേഖരണം നടത്തി ഉടൻ മുഖ്യമന്ത്രിയുടെ മകൾ ടി വീണയ്ക്ക് നോട്ടീസ് നൽകാനാണ് ഇ.ഡിയുടെ നീക്കം.

# 'കേന്ദ്ര ഏജൻസികൾ സ്ഥാനാർഥികളുടെ ഫോൺ ചോർത്തുന്നു'

## ഗുരുതര ആരോപണവുമായി ഡി.എം.കെ

ചെന്നൈ: കേന്ദ്ര സർക്കാറിന് കീഴിലെ ഏജൻസികൾ നേതാക്കളുടെയും ലോക്സഭാ തെരഞ്ഞെടുപ്പിലെ സ്ഥാനാർഥികളുടെയും ഫോൺ ചോർത്തുന്നുവെന്ന് ഡി.എം.കെയുടെ പരാതി. സ്ഥാനാർഥികൾ, അവരുടെ സുഹൃത്തുക്കൾ, ബന്ധുക്കൾ എന്നിവരുൾപ്പെടെയുള്ള പാർട്ടി നേതാക്കളുടെ ഫോൺ ഫെഡറൽ ഏജൻസികൾ ചോർത്തുന്നുവെന്നാണ് ആരോപണം.

ഇതുസംബന്ധിച്ച് സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് ഡി.എം.കെ നേതാവ് ആർ.എസ്. ഭാരതി പരാതി നൽകി. ഇ.ഡി, സി.ബി.ഐ, ?ആദായ നികുതി വകുപ്പ് എന്നിവക്ക് പറുമെ കേന്ദ്ര സർക്കാറിന് കീഴിലെ മറ്റു ഏജൻസികളും ഫോണുകൾ നിയമവരുദ്ധമായി ചോർത്തുകയാണെന്ന് പരാതിയിൽ പറയുന്നു.

പെഗാസസ് പോലുള്ള സോഫ്റ്റ് വെയറുകൾ ഈ ഏജൻസികൾ രാഷ്ട്രീയ എതിരാളികൾക്കെതിരെ ഉപയോഗിക്കുന്നതായുള്ള വസ്തുതതങ്ങൾക്ക് മറക്കാൻ സാധിക്കില്ല. നിയമവിരുദ്ധ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമാവുകയാണ് ഏജൻസികളെന്നും പരാതിയിൽ വ്യക്തമാക്കി.

കേന്ദ്ര സർക്കാറിന്റെ ജനാധിപത്യ വിരുദ്ധ നടപടിക്കെതിരെ ഉടനടി ഇടപെടാനും അന്വേഷണത്തിന് ഉത്തരവിടാനും സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കാനും ആർ.എസ്. ഭാരതി തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടു.

## 'അവരുടെ എല്ലാ അസംബന്ധങ്ങൾക്കും ഞാൻ മറുപടി പറയണോ?'; കങ്കണക്കെതിരെ പ്രിയങ്കാ ഗാന്ധി

ന്യൂഡൽഹി: തനിക്കും സഹോദരൻ രാഹുൽ ഗാന്ധിക്കുമെതിരെ നടിയും ബി.ജെ.പി സ്ഥാനാർഥിയുമായ കങ്കണ റണാവത്ത് ഉന്നയിച്ച വിമർശനങ്ങളോട് രൂക്ഷമായി പ്രതികരിച്ച് പ്രിയങ്കാ ഗാന്ധി. ഹിമാചൽപ്രദേശിലെ മാണ്ഡിയിൽനിന്നാണ് കങ്കണ മത്സരിക്കുന്നത്. 'ഇന്ത്യാ ടുഡെ'ക്ക് നൽകിയ അഭിമുഖത്തിലാണ് കങ്കണ രാഹുലിനും പ്രിയങ്കക്കുമെതിരെ പരാമർശം നടത്തിയത്.

രാഹുൽ ഗാന്ധിയും പ്രിയങ്കാ ഗാന്ധിയും രാഷ്ട്രീയത്തിന് യോജിച്ചവരല്ലെന്നായിരുന്നു കങ്കണയുടെ പരാമർശം. ഇരുവരും അവരുടെ അമ്മയുടെ ആഗ്രഹങ്ങളുടെ ഇരയാണെന്നും അമ്മയുടെ നിർബന്ധം മൂലം അവർ രാഷ്ട്രീയത്തിൽ നിൽക്കാൻ നിർബന്ധിതരായതാണെന്നും കങ്കണ പറഞ്ഞിരുന്നു.

തങ്ങളെക്കുറിച്ച് കങ്കണ സംസാരിച്ചതിന് നന്ദിയുണ്ടെന്നും എന്നാൽ അവർ പറയുന്ന എല്ലാ അസംബന്ധങ്ങൾക്കും താൻ മറുപടി പറയേണ്ടതുണ്ടോ എന്നുമായിരുന്നു പ്രിയങ്കയുടെ ചോദ്യം. തന്റെ പിതാവ് ജീവിച്ചിരിക്കുമ്പോൾ പോലും ബി.ജെ.പി സോണിയാ ഗാന്ധിയെ വിമർശിച്ചിരുന്നുവെന്നും പ്രിയങ്ക പറഞ്ഞു.

കോൺഗ്രസ് സനാതന ധർമത്തിന് എതിരാണെന്ന മോദിയുടെ ആരോപണം പ്രിയങ്ക തള്ളി. ഞങ്ങൾ അധികാരത്തെയല്ല, ശക്തിയെയാണ് ആരാധിക്കുന്നത്. രാമന്റെ വഴി സത്യമാണ്. ബി.ജെ.പി ആ വഴിയിലല്ല സഞ്ചരിക്കുന്നതെന്നും പ്രിയങ്ക പറഞ്ഞു.

## തെലങ്കാനയിൽ സ്കൂളിന് നേരേ ജയ് ശ്രീറാം വിളിച്ച് സംഘ്പരിവാർ ആക്രമണം

ഹൈദരാബാദ്: തെലങ്കാനയിലെ ലക്സേറ്റിപ്പെട്ടിൽ മദർ തെരേസാ ഇംഗ്ലീഷ് മീഡിയം സ്കൂളിന് നേരേ സംഘ്പരിവാർ സംഘടനകളുടെ ആക്രമണം. സ്കൂൾ യൂണിഫോമിന് പകരം മതപരമായ വസ്ത്രങ്ങൾ ധരിച്ചുവന്നത് ചോദ്യം ചെയ്തതാണ് ആക്രമണത്തിന് കാരണം. അക്രമികൾ മദർ തെരേസയുടെ രൂപം അടിച്ചു തകർക്കുകയും മലയാളി വൈദികനെ മർദിക്കുകയും ചെയ്തു.ജയ് ശ്രീറാം വിളിച്ചെത്തിയ നൂറോളം പേരാണ് സ്കൂളിന് നേരേ അക്രമം നടത്തിയത്. കഴിഞ്ഞദിവസം രാവിലെ എട്ടരയോടെയായിരുന്നു ആക്രമണം. മറ്റു കുട്ടികളെല്ലാം യൂണിഫോം ധരിച്ച് എത്തിയപ്പോൾ പത്തോളം പേർ മതപരമായ വസ്ത്രം ധരിച്ചുവന്നത് അധ്യാപകർ ചോദ്യം ചെയ്തു. മാതാപിതാക്കളോട് സംസാരിക്കണമെന്നും അധികൃതർ പറഞ്ഞു.പിറ്റേ ദിവസമാണ് ഇത്തരത്തിൽ വലിയ ആക്രമണം ഉണ്ടായത്. രാവിലെ ക്ലാസ് തുടങ്ങുന്ന സമയം ജയ് ശ്രീറാം വിളിച്ച് സ്കൂളിലേക്ക് ഇരച്ചെത്തിയ നൂറോളം വരുന്ന സംഘ്പരിവാർ അക്രമികൾ മദർ തെരേസയുടെ രൂപത്തിനു നേരെ കല്ലെറിയുകയും അടിച്ചുതകർക്കുകയും ചെയ്തു. സ്കൂളിനുള്ളിലേക്ക് അതിക്രമിച്ചു കയറിയ സംഘം സ്കൂൾ മാനേജറെ കൊണ്ട് നിർബന്ധിച്ചു ജയ് ശ്രീറാം വിളിപ്പിക്കുകയും മലയാളി വൈദികരെ മർദിക്കുകയും ചെയ്തു.സ്കൂളിലെ ഉപകരണങ്ങൾ തല്ലിത്തകർക്കുകയും കെട്ടിടത്തിന് മുകളിൽ കാവിക്കൊടി കെട്ടുകയും ചെയ്തു. സംഭവത്തിൽ പൊലീസ് കേസെടുത്തു. സിസിടിവി ദൃശ്യങ്ങൾ അടക്കമുള്ളവ പരിശോധിച്ച് കൂടുതൽ നടപടികൾ സ്വീകരിക്കുമെന്ന് പൊലീസ് അറിയിച്ചു.എന്നാൽ ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്നും മുഴുവൻ അക്രമികൾക്കെതിരെയും കർശന നടപടി സ്വീകരിക്കണമെന്നും മാനേജ്മെന്റ് ആവശ്യപ്പെട്ടു. സംഭവത്തിൽ വലിയ പ്രതിഷേധം ഉയർന്നിട്ടുണ്ട്.

## ശൈലജയ്ക്കെതിരായ സൈബർ ആക്രമണം തെറ്റ്, അശ്ലീല പ്രചാരണം തടയുന്നതിൽ പൊലീസ് പരാജയം: കെ കെ രമ

കോഴിക്കോട് : വടകരയിലെ എൽഡിഎഫ് സ്ഥാനാർത്ഥിയും മുൻ മന്ത്രിയുമായ കെ കെ ശൈലജയ്ക്കെതിരായ സൈബർ ആക്രമണം അംഗീകരിക്കാനാകാത്ത തെറ്റെന്ന് കെ.കെ രമ എംഎൽഎ. സ്ത്രീകൾക്കെതിരായ അശ്ലീല പ്രചാരണം തടയുന്നതിൽ പൊലീസ് പരാജയപ്പെട്ടു. പരാതി നൽകി 20 ദിവസം കഴിഞ്ഞിട്ടും പൊലീസ് നടപടിയുണ്ടായില്ല. താൻ അടക്കമുള്ള വനിതാ പൊതു പ്രവർത്തകർ സൈബർ ആക്രമണത്തിന്റെ ഇരയാണെന്നും കെ.കെ രമ കൂട്ടിച്ചേർത്തു.

സൈബർ ആക്രമണത്തെ കുറിച്ചും സൈബറിടത്തിലെ വ്യാജ പ്രചാരണത്തെ കുറിച്ചും സംസാരിക്കവേ വാർത്താ സമ്മേളനത്തിൽ ശൈലജ വിതുമ്പിയിരുന്നു. പിന്നാലെ മുഖ്യമന്ത്രി പിണറായി വിജയൻ, സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ അടക്കം നേതാക്കൾ വിഷയമേറ്റെടുത്തു. ഈ സാഹചര്യത്തിലാണ് യുഡിഎഫ് വനിതാ എംഎൽഎമാരുടെ പ്രതികരണം.

ശൈലജയുടെ പേരിൽ പ്രചരിക്കുന്ന വീഡിയോ താൻ കണ്ടിട്ടില്ലെന്നും ശൈലജ വാർത്താ സമ്മേളനത്തിൽ പറഞ്ഞതിനെ മുഖവിലയ്ക്കെടുത്താണ് പ്രതികരിക്കുന്നതെന്നും കെ.കെ രമ വിശദീകരിച്ചു. കേരളത്തിൽ പൊതു രംഗത്തുള്ള സ്ത്രീകൾ നേരിടുന്ന വലിയ വെല്ലുവിളികളിലൊന്ന് സൈബർ ആക്രമണമാണ്. സൈബർ ആക്രമണത്തിനെതിരെ ശൈലജയുടെ പരാതി കിട്ടി 20 ദിവസമായിട്ടും പൊലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കണം.

ശൈലജയ്ക്ക് എതിരായ കൊവിഡ് കാല അഴിമതി ആരോപണം വ്യക്തി അധിക്ഷേപമല്ല. അത് രാഷ്ട്രീയമാണ്. ഇടതുമുന്നണി പരാതി നൽകി 20 ദിവസം കഴിഞ്ഞിട്ടും പൊലീസ് നടപടി എടുക്കാത്തത് ആഭ്യന്തരവകുപ്പിന്റെ പരാജയമാണ്. ആ അർത്ഥത്തിൽ പിണറായിക്കെതിരെ കൂടിയാണ് കെ. കെ ശൈലജയുടെ വാക്കുകളെന്നും രമ കുറ്റപ്പെടുത്തി.

പങ്കുണ്ടെന്ന യുഡിഎഫ് സ്ഥാനാർത്ഥി ഷാഫി പറമ്പിലിനെതിരായ ഷൈലജയുടെ ആരോപണം തെറ്റാണ്. യഥാർത്ഥ പ്രശ്നം വഴി തിരിച്ചുവിടാനുള്ള നീക്കമാണ് ഇതിന് പിന്നിലുള്ളത്. സൈബർ ആക്രമണം നടത്തുന്നത് ആരെന്ന് കണ്ടെത്തണം.

ഇക്കാര്യത്തിൽ ടീച്ചർക്ക് ഒപ്പം നിൽക്കുമെന്നും യുഡിഎഫ് വനിതാ എംഎൽഎമാരായ കെ കെ രമയും ഉമ തോമസും വ്യക്തമാക്കി.

## സുഗന്ധഗിരി മരംമുറിക്കേസിൽ നടപടി; വനംവകുപ്പ് ഉദ്യോഗസ്ഥ കെ നീതുവിന് സസ്പെൻഷൻ

വയനാട്: സുഗന്ധഗിരി മരംമുറിക്കേസിൽ വനംവകുപ്പ് ഉദ്യോഗസ്ഥയ്ക്ക് സസ്പെൻഷൻ. കല്പറ്റ റേഞ്ചർ കെ നീതുവിനെയാണ് സസ്പെന്റ് ചെയ്തത്. ജാഗ്രത കുറവ് ഉണ്ടായി എന്ന വിജിലൻസ് റിപ്പോർട്ടിന്മേനിലാണ് നടപടി. റേഞ്ചർ കെ. നീതുവിനെയാണ് സസ്പെൻഡ് ചെയ്തത്. സംഭവത്തിൽ 11 ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയേക്കുമെന്നും സൂചനയുണ്ട്. കൽപറ്റ റേഞ്ചിലെ 6 ബിഎഫ്ഒ, 5 വാച്ചർമാർ എന്നിവർക്കെതിരെയാകും നടപടി.

വനംവകുപ്പ് എടുത്ത കേസിൽ നിലവിൽ ഒമ്പത് പ്രതികളാണ് ഒള്ളത്. ഈ പ്രതിപ്പട്ടികയിലേക്ക് വനംവാച്ചർ ജോൺസണെ കൂടി ചേർക്കാൻ വിജിലൻസ് ശുപാർശ ചെയ്തിട്ടുണ്ട്. അനധികൃതമായി മരംമുറിക്കാൻ ജോൺസന്റെ ഒത്താശയുണ്ടെന്ന കണ്ടെത്തലിന് പിന്നാലെയാണ് ശുപാർശ. സംഭവത്തിൽ സസ്പെൻഷനിലായ കൽപ്പറ്റ ഫോറസ്റ്റ് സെഷൻ ഓഫീസർ ചന്ദ്രനെ പ്രതിചേർക്കുന്നത് പരിശോധിക്കണമെന്നും വിജിലൻസ് റിപ്പോർട്ടിലുണ്ട്. വീടിന് ഭീഷണിയായ 20 മരം മുറിക്കാനുള്ള ഉത്തരവിന്റെ മറവിൽ 102 മരങ്ങൾ ആകെ മുറിച്ചെന്ന് വനംവകുപ്പ് കണ്ടെത്തിയിരുന്നു. സംഭവത്തിന്റെ പശ്ചാത്തലത്തിൽ കൽപ്പറ്റ റേഞ്ചിലെ ആറ് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരേയും 5 വനംവാച്ചർമാരേയും വൈകാതെ സ്ഥലം മാറ്റിയേക്കും.

## കേരള സ്റ്റോറി പ്രദർശനം; ഇടുക്കി രൂപതയ്ക്കെതിരെ രൂക്ഷ വിമർശനവുമായി ലത്തീൻ സഭ

തിരുവനന്തപുരം: കേരള സ്റ്റോറി പ്രദർശിപ്പിച്ച ഇടുക്കി രൂപതയ്ക്കെതിരെ രൂക്ഷ വിമർശനവുമായി ലത്തീൻ സഭ. സഭയുടെ മുഖപത്രമായ ജീവനാദത്തിലൂടെയാണ് കേരള സ്റ്റോറി പ്രദർശിപ്പിച്ചതിനെതിരെ വിമർശനവുമായി സഭ രംഗത്തുവന്നത്.

ഇടുക്കി രൂപതാ അധികാരികൾ തല ചൊറിയുന്നത് തീക്കൊള്ളി കൊണ്ടാണെന്നും, കേരളത്തിലെ ക്രൈസ്തവ പാരമ്പര്യം എന്താണെന്ന് അറിയാത്തവർ സഭാസാരഥികളായി വരുമ്പോൾ അവർക്ക് ബൈബിളിനെക്കാൾ വലുത് വിചാരധാരയാണെന്ന് തോന്നുമെന്നും മുഖപത്രം പറയുന്നു.

മാലാഖമാർ കയറാൻ മടിക്കുന്ന ഇടത്ത് സാത്താൻ കയറി ബ്രേക്ക് ഡാൻസ് കളിക്കുന്നത് കാലമാണ്. പ്രണയത്തെ കെണിയാണെന്ന് പ്രചരിപ്പിക്കുന്നത് എന്തിനെന്നും മുഖപത്രം ചോദിക്കുന്നു.

ഇക്കാലമത്രയും സഹോദരമതസ്ഥരോട് വെറുപ്പോ വൈരാഗ്യമോ ഇല്ലാതെ ജീവിച്ചവരാണ് ക്രൈസ്തവർ, ഇടുക്കി രൂപത ക്രൈസ്തവരെ മുസ്ലിം വിരോധികളാക്കാനുള്ള സംഘപരിവാർ അജൻഡ നടപ്പിലാക്കുകയാണ്.തെരഞ്ഞെടുപ്പ് കാലത്ത് പരിവാർ തിങ്ക് ടാങ്കിന്റെ തന്ത്രം നടപ്പിലാക്കാനുള്ള കോടാലിയായി ആരും പ്രവർത്തിക്കരുതെന്നും മുഖപത്രം പറയുന്നു.

## അമേഠിയിൽ മത്സരിക്കുമോ എന്ന് ചോദ്യം, ബിജെപിയുടെ ചോദ്യമെന്ന് ആദ്യം പരിഹാസം; ഒടുവിൽ രാഹുലിന്റെ മറുപടി

ദില്ലി : അമേഠിയിൽ ഇക്കുറി മത്സരിക്കുമോയെന്നതിൽ ഒടുവിൽ മൗനം വെടിഞ്ഞ് രാഹുൽ ഗാന്ധി. പാർട്ടി പറഞ്ഞാൽ അമേഠിയിൽ മത്സരിക്കുമെന്ന് രാഹുൽ വ്യക്തമാക്കി. അമേഠിയിൽ മത്സരിക്കുമോ എന്ന ചോദ്യത്തിന് ബിജെപിയുടെ ചോദ്യമെന്ന പരിഹാസത്തോടെ മറുപടി നൽകിയ രാഹുൽ മത്സര സാധ്യത തള്ളുന്നില്ലെന്നതാണ് ശ്രദ്ധേയം. തെരഞ്ഞെടുപ്പ് സമിതി തീരുമാനിച്ചാൽ മത്സരിക്കുമെന്നാണ് നിലപാട്.

രാഹുൽ അമേഠിയിൽ മത്സരിക്കണമെന്നാണ് എഐസിസിയുടെ പൊതുവികാരം. മണ്ഡലം ഉപേക്ഷിക്കരുതെന്ന് ഉത്തർ പ്രദേശ് പിസിസിയും പറഞ്ഞിട്ടുണ്ട്. രണ്ടാം മണ്ഡലത്തിൽ മത്സരിക്കുന്നത് വയനാട്ടിൽ ദോഷം ചെയ്യും. കേരളത്തിലെ എതിരാളിയായ ഇടതു പക്ഷം വടക്കേന്ത്യയിൽ സഖ്യകക്ഷിയുമാണ്. അതിനാൽ കേരളത്തിലെ തെരഞ്ഞെടുപ്പിന് ശേഷം പ്രഖ്യാപനം നടത്താനാണ് നീക്കം.

150ൽ കൂടുതൽ സീറ്റുകൾ ബിജെപിക്ക് കിട്ടില്ലെന്നും, പ്രധാനമന്ത്രി നരേന്ദ്രമോദി അഴിമതിയുടെ ചാമ്പ്യനാണെന്നും അഖിലേഷ് യാദവിനൊപ്പം ചേർന്ന് നടത്തിയ വാർത്താ സമ്മേളനത്തിൽ രാഹുൽ ഗാന്ധി പറഞ്ഞു. ഇന്ത്യ സഖ്യത്തിൻറെ കന്നിമത്സരത്തിൽ രാജ്യത്താകെ മാറ്റത്തിൻറെ കാറ്റ് വീശുമെന്ന പ്രതീക്ഷയും രാഹുൽ ഗാന്ധിയും അഖിലേഷ് യാദവും സംയുക്ത വാർത്ത സമ്മേളനത്തിൽ പ്രതീക്ഷ പ്രകടിപ്പിച്ചു.

ഇലക്ടൽ ബോണ്ട് അഴിമതി ബിജെപിക്കെതിരെ ശക്തമാക്കാനാണ് സഖ്യത്തിൻറെ നീക്കം. എത്ര അഭിമുഖം നടത്തി വെള്ള പൂശാൻ ശ്രമിച്ചാലും മോദിക്ക് അഴിമതിക്കറ നീക്കാനാവില്ലെന്ന് നേതാക്കൾ പറഞ്ഞു.

## രാജ്യത്ത് മോദി തരംഗമില്ലെന്ന് ബി.ജെ.പി സ്ഥാനാർഥി നവനീത് റാണ; പ്രസ്തവാന പ്രചാരണായുധമാക്കി പ്രതിപക്ഷം

മുംബൈ: രാജ്യത്ത് മോദി തരംഗമില്ലെന്ന അമരാവതിയിൽ നിന്നുള്ള ബി.ജെ.പി സ്ഥാനാർഥി നവനീത് റാണയുടെ പ്രസ്താവന പ്രചാരണായുധമാക്കി പ്രതിപക്ഷം.നവനീത് പറഞ്ഞത് സത്യമാണെന്നും ഇത് വോട്ടർമാരുടെ മാനസികാവസ്ഥയെ പ്രതിഫലിപ്പിക്കുന്നതെന്നും പ്രതിപക്ഷമായ മഹാ വികാസ് അഘാഡി പരിഹസിച്ചു.

തിങ്കളാഴ്ച അമരാവതി മണ്ഡലത്തിൽ ഒരു റാലിയെ അഭിസംബോധന ചെയ്യവെയാണ് നവനീത് റാണ ഈ പരാമർശം നടത്തിയത്. "ഒരു ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പുപോലെ ഈ തെരഞ്ഞെടുപ്പിനെ നേരിടേണ്ടിവരും.

ഉച്ചയ്ക്ക് 12 മണിയോടെ എല്ലാ വോട്ടർമാരെയും ബൂത്തിലെത്തിക്കണം.മോദി തരംഗം ഉണ്ടെന്ന മിഥ്യാധാരണയിൽ വെറുതെയിരിക്കരുത്. 2019ലും മോദി തരംഗം ഉണ്ടായിരുന്നു.എന്നിട്ടും ഞാൻ സ്വതന്ത്ര സ്ഥാനാർഥിയായി വിജയിച്ചു,' എന്നാണ് നവനീത് പറഞ്ഞത്. 2019ൽ നടന്ന തെരഞ്ഞെടുപ്പിൽ എൻസിപി പിന്തുണയോടെയാണ് നവനീത് അമരാവതി മണ്ഡലത്തിൽ നിന്നും മത്സരിച്ച് വിജയിച്ചത്.

വീഡിയോ വൈറലായതോടെ എൻസിപി ശരത് പവാർ വിഭാഗവും ശിവസേന താക്കറെ വിഭാഗവും ഇതിനെതിരെ രംഗത്തെത്തി. നവനീതിൻറെ പരാമർശം ബി.ജെ.പിക്കാർക്കിടയിൽ പരിഭ്രാന്തി പരത്തിയെന്ന് പരിഹസിച്ചു. മഹാരാഷ്ട്രയിലെ 48 സീറ്റുകളിലും പ്രതിപക്ഷ സഖ്യം വിജയിക്കുമെന്ന് ശിവസേന എംപി സഞ്ജയ് റാവത്ത് പറഞ്ഞു.'മോദി തരംഗത്തെക്കുറിച്ച് മറക്കുക. മോദിക്ക് തന്റെ സീറ്റിൽ തന്നെ വിജയിക്കാനാകുമോ എന്നത് ഒരു ചോദ്യമാണ്. ബി.ജെ.പിക്ക് രാജ്യത്തുടനീളം 45 സീറ്റുകൾ മാത്രമേ ലഭിക്കൂ എന്ന് ഞങ്ങളുടെ പാർട്ടി മേധാവി ഉദ്ധവ് താക്കറെ ഇതിനകം പറഞ്ഞിട്ടുണ്ട്.ബി.ജെ.പിയുടെ സ്വന്തം സ്ഥാനാർത്ഥികൾ പോലും ഇപ്പോൾ തന്നെ സത്യം പറയുന്നു, അതും പരസ്യമായും ഉച്ചത്തിലും വ്യക്തമായും." റാവത്ത് കൂട്ടിച്ചേർത്തു.

റാണ സത്യമാണ് പറയുന്നതെന്നും അതിനാലാണ് ബി.ജെ.പി മറ്റ് പാർട്ടികളിലെ നേതാക്കളെ പാർട്ടിയിലേക്ക് കൊണ്ടുവരുന്നതെന്നും എൻസിപി (എസ്പി) വക്താവ് മഹേഷ് തപസെ പറഞ്ഞു."റാണയും മറ്റ് ബി.ജെ.പി സ്ഥാനാർഥികളും ഈ വസ്തുത ഗ്രൗണ്ടിൽ പ്രചാരണത്തിന് ശേഷം മനസ്സിലാക്കിയിട്ടുണ്ട്.മോദി തരംഗം ഇല്ലെന്ന് ബി.ജെ.പിക്കും അറിയാം.

ഒന്നിനുപുറകെ ഒന്നായി പ്രതിപക്ഷ നേതാക്കളെ പ്രതിക്കൂട്ടിലാക്കുന്ന പാർട്ടിയുടെ എല്ലാ നടപടികളും പ്രതിഫലിപ്പിക്കുന്നു.അഴിമതി ആരോപിക്കുന്ന നേതാക്കളെപ്പോലും ഇറക്കുമതി ചെയ്തു. ബി.ജെ.പിക്ക് മറ്റൊരു ബദൽ ഇല്ലായിരുന്നു" തപസെ കൂട്ടിച്ചേർത്തു.

പ്രസംഗം വിവാദമായപ്പോൾ നവനീത് റാണ വിശദീകരണവുമായി രംഗത്തെത്തി. പ്രതിപക്ഷം തൻറെ പ്രസംഗം എഡിറ്റ് ചെയ്ത് പ്രചരിപ്പിക്കുകയാണെന്ന് ആരോപിച്ചു. 'പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്കറിയാം, മോദി തരംഗം ഉണ്ടായിരുന്നു, മോദി തരംഗമുണ്ട്, മോദി തരംഗം ഉണ്ടാകും.

പ്രധാനമന്ത്രി മോദിയുടെ പ്രവർത്തനങ്ങളും വാഗ്ദാനങ്ങളും ഞങ്ങൾ വോട്ടർമാരിലേക്ക് എത്തിക്കുകയും വോട്ട് ചോദിക്കുകയും ചെയ്യുന്നു. 400 സീറ്റുകൾ എന്ന ലക്ഷ്യം ഇത്തവണ കൈവരിക്കും" നവനീത് പറഞ്ഞു.

## ഡ്രൈവിംഗ് ടെസ്റ്റിൽ അടിമുടി വീഴ്ചയെന്ന് സിഎജി

തിരുവനന്തപുരം : സംസ്ഥാനത്തെ ഡ്രൈവിംഗ് പരീക്ഷകളിൽ അടിമുടി വീഴ്ചയെന്ന് സിഎജി കണ്ടെത്തൽ. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുമ്പോൾ സീറ്റ് ബെൽറ്റോ– ഹെൽമെറ്റോ ധരിക്കാറില്ല. ഡ്രൈവിംഗ് സ്കൂൾ അധികൃതർ പരീക്ഷകളിൽ ഇടപെടുന്നുവെന്നും എജിയുടെ പരിശോധന റിപ്പോർട്ടിൽ പറയുന്നു. നവീകരിച്ച ട്രാക്കുകളും ഡ്രൈവിംഗ് ടെസ്റ്റിൽ പരിഷ്ക്കാരങ്ങളും ആവശ്യമാണെന്നും സിഎജി ശുപാർശ ചെയ്തു.

സംസ്ഥാനത്തെ 37 ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകളിലാണ് സിഎജി പരിശോധന നടത്തിയത്. വർദ്ധിക്കുന്ന വാഹന അപകടങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്. ഡ്രൈവിംഗ് ടെസ്റ്റിംഗിലെ 9 അപര്യാപ്തകളാണ് പരിശോധനയിൽ ചൂണ്ടികാണിക്കുന്നത്.

ഫോർവീൽ ടെസ്റ്റിനായുള്ള എച്ച് ട്രാക്കിനൊപ്പം പാർക്കിംഗ് ട്രാക്ക് വേണമെന്നാണ് ചട്ടം. എന്നാൽ പരിശോധന നടത്തിയ 37 ഗ്രൗണ്ടിൽ 34 ൽ പാർക്കിങ് ട്രാക്ക് ഇല്ല. 'എച്ച്' ട്രാക്കിൽ ടെസ്റ്റ് നടത്തുമ്പോൾ സീറ്റ് ബെൽറ്റ് ഉപയോഗിക്കുന്നില്ല. 37 ഗ്രൗണ്ടിൽ പരിശോധന നടത്തിയതിൽ 31 ഗ്രൗണ്ടിലും സീറ്റ് ബെൽറ്റ് ഇടാതെയാണ് എച്ച് എടുക്കുന്നത്. സീറ്റ് ബെൽറ്റ് ഇടാതെ ടെസ്റ്റ് നടത്തിയാൽ യഥേഷ്ടം പുറകിലേക്ക് നോക്കി വാഹനം പിന്നിലേക്കെടുക്കാൻ കഴിയും. ഇരുചക്രവാഹന ടെസ്റ്റിൽ ഹെൽമെറ്റും വെക്കുന്നില്ല. 37 ഗ്രൗണ്ടിൽ 20 എണ്ണത്തിൽ ടെസ്റ്റ് എടുക്കുന്ന ആൾ ഹെൽമറ്റ് വെക്കുന്നില്ല.

ഇരുചക്രവാഹനത്തിന്റെ റോഡ് ടെസ്റ്റും ഗ്രൗണ്ടിൽ തന്നെ നടത്തുന്നു. 37 ഗ്രൗണ്ടിൽ പരിശോധിച്ചതിൽ 20 ഗ്രൗണ്ടിലും ഇരുചക്ര വാഹനങ്ങളുടെ റോഡ് ടെസ്റ്റ് ഗ്രൗണ്ടിൽതന്നെ നടത്തുന്നതായി എജി പറയുന്നു. എച്ച് ടെസ്റ്റിൽ വാഹനം പൂർണമായും ബ്രേക്ക് ചവിട്ടി സ്റ്റിയറിങ് തിരിക്കാൻ പാടില്ല. ഇങ്ങനെ ചെയ്താൽ പരാജയപ്പെടും. പക്ഷെ 37 ൽ 12 ഗ്രൗണ്ടിൽ വാഹനം ബ്രേക്ക് ചെയ്തി സ്റ്റിയറിങ് തിരിച്ചാണ് എച്ച് എടുക്കുന്നതെന്നും കണ്ടെത്തി. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന 15 വാഹനങ്ങൾക്ക് ഇൻഷുറൻസ് ഇല്ല , 7 വാഹനങ്ങൾക്ക് പുക പരിശോധന സെർട്ടിഫിക്കറ്റ് ഇല്ലെന്നും കണ്ടെത്തി.

ഡ്രൈവിങ് സ്കൂൾ പരിശീലകർ ടെസ്റ്റിൽ ഇടപെടുന്നു. 37ൽ 16 ഗ്രൗണ്ടിൽ ഡ്രൈവിംഗ് സ്കൂൾ പരിശീലകർ ടെസ്റ്റ് എടുക്കുന്ന ആൾക്ക് സഹായത്തിന് ഗ്രൗണ്ടിൽ ഇടപെടുന്നത് കണ്ടെത്തി. ലേണേഴ്സ് പരീക്ഷക്കുമുമ്പ് സുരക്ഷ ക്ലാസുകളും എടുക്കുന്നില്ല. 37ൽ 12 ഗ്രൗണ്ടിലും കുടിക്കാൻ വെള്ളമോ ശുചിമുറിയോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലെന്നും എജിയുടെ റിപ്പോർട്ടിൽ പറയുന്നു. എജി ചൂണ്ടികാണിച്ച കാര്യങ്ങളിൽ അടിയന്തര ഇടപെലിന് വേണ്ടി റിപ്പോർട്ട് എല്ലാ ആർടിഒമാർക്കും ട്രാൻസ്പോർട്ട് കമ്മീഷണർ കൈമാറി. മെയ് ഒന്നു മുതൽ നടത്താൻ ഉദ്യേശിക്കുന്ന ഡ്രൈവിംഗ് പരിഷ്ക്കരണത്തിനെതിരെ ഡ്രൈവിംഗ് സ്കൂളുടെ സംഘടന ഹൈക്കോടതി സമീപിച്ചിരിക്കുമ്പോഴാണ് എജിയുടെ റിപ്പോർട്ട് പുറത്തുവരുന്നത്.

## കുടുംബ ഫോട്ടോ ഡ്രൈവറുടെ മുന്നിൽ വെക്കണം, പുതിയ നിർദേശവുമായി യുപി ഗതാഗത വകുപ്പ്

ലഖ്നൗ: റോഡപകടങ്ങൾ കുറയ്ക്കാൻ പുതിയ തന്ത്രവുമായി ഉത്തർപ്രദേശ് ഗതാഗത വകുപ്പ്. എല്ലാ വാണിജ്യ വാഹനങ്ങളുടെയും സംസ്ഥാന ബസുകളുടെയും ഡ്രൈവർമാരോട് അവരുടെ കുടുംബത്തിന്റെ ചിത്രം ഡാഷ്ബോർഡിൽ സൂക്ഷിക്കാൻ ഗതാഗത കമ്മീഷണർ ചന്ദ്രഭൂഷൺ സിങ് നിർദേശിച്ചു.

ആന്ധ്രാപ്രദേശിൽ നിന്നാണ് ഈ ആശയം ആശയം സ്വീകരിച്ചതെന്ന് ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി എൽ വെങ്കിടേശ്വർ ലു പറഞ്ഞു. ഡ്രൈവർക്ക് മുന്നിൽ സ്വന്തം കുടുംബത്തിന്റെ ചിത്രം സൂക്ഷിക്കുമ്പോൾ വൈകാരികമായ ഓർമകൾ ഉണ്ടാവുകയും റോഡ് സുരക്ഷയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യും. ഡ്രൈവിങ്ങിൽ ശ്രദ്ധയുണ്ടാവാൻ കാരണമാവുകയും ചെയ്യുമെന്ന് ചന്ദ്രഭൂഷൺ സിങ് പറയുന്നു.

2022 ൽ സംസ്ഥാനത്ത് 22,596 അപകടങ്ങളുണ്ടായപ്പോൾ 2023ൽ 23,652 അപകടങ്ങളാണുണ്ടായതത്. റോഡപകടങ്ങളിൽ 4.7 ശതമാനമാണ് വർധനവുണ്ടായത്. ഇതിൽ പരിഹാരം കാണുന്നതിന്റെ ഭാഗമായാണ് ഗതാഗത വകുപ്പിന്റെ പുതിയ തീരുമാനം.

## ചരമം

**മധുസൂദനൻ**

പന്തീരാങ്കാവ്: റിട്ട ഡപ്യൂട്ടി മാനേജർ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് അയനിക്കാട്ട് എടക്കാട്ടുപുറം മധുസൂദനൻ (82). ഭാര്യ, മീര. മക്കൾ: സ്മിത, സീമന്ത് മധു. മരുമക്കൾ: നടുക്കണ്ടി ഷാജു, നീതു.

**കൃഷ്ണൻകുട്ടി നായർ**

എടപ്പാൾ: കോലൊളമ്പ് പാട്ടത്തിൽ താഴത്തേതിൽ കൃഷ്ണൻ കുട്ടിനായർ (89). ഭാര്യ: ചന്ദ്രവല്ലി അമ്മ. മക്കൾ: വസുമതി, പ്രസന്ന,രതി, ഹരിനാരയൺ, പ്രീത, ബേബി.

**ജി രാജേന്ദ്രൻ**

ചെന്നൈ: വ്യോമസേന റിട്ട ഉദ്യോഗസ്ഥൻ ജി രാജേന്ദ്രൻ. ഭാര്യ: വിസി ശാന്ത. മക്കൾ: മനോജ്, മനീഷ്. മരുമക്കൾ: രശ്മി, ശോഭ.

## ഇന്നത്തെ പരിപാടി

മാവൂർ റോഡ് ഹോളിഡേ സിറ്റി: ദികാലിക്കറ്റ് ടൗൺ സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് നേതൃത്വത്തിൽ സഹകരണ വിഷു ചന്ത 9.30

ബീച്ച് മറൈൻ ഗ്രൗണ്ട്: വണ്ടർ കാർണിവൽ 4.00

## ഹയർ ഇന്ത്യ എസ് 800ക്യുടി ക്യുഎൽഇഡി സീരീസ് അവതരിപ്പിച്ചു




15 വർഷമായി തുടർച്ചയായി ഒന്നാം നമ്പർ ആഗോള പ്രധാന അപ്ലയൻസസ് ബ്രാൻഡായ ഹയർ അപ്ലയൻസസ് ഇന്ത്യ, അതിന്റെ ഏറ്റവും പുതിയ സ്മാർട്ട് ക്യൂഎൽഇഡി സീരീസ് എസ്800 ക്യുടി ലോഞ്ച് പ്രഖ്യാപിച്ചു. ഹോം എന്റർടൈൻമെന്റ് അനുഭവം ഉയർത്താൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ സീരീസിന് 4കെ ക്യൂഎൽഇഡി ഡിസ്പ്ലേയുണ്ട്. കൂടാതെ 75",65', 55', 43' വലുപ്പങ്ങളിൽ വരുന്നു. 38,990 രൂപ മുതൽ വിപണിയിൽ ലഭ്യമാണ്.

ഡോൾബി വിഷൻ അറ്റ്മോസ്, ഗൂഗിൾ ടിവി, 120ഹേർട്സ് ഡിഎൽജിയും 2ജിബി റാമും ഉള്ള സുഗമമായ ഗെയിമിംഗ് അനുഭവം, ഫാർ ഫീൽഡ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഹാൻഡ്സ് ഫ്രീ വോയ്സ് നിയന്ത്രണം, മൈക്രോ ഡിമ്മിംഗ്, ഗംഭീരമായ മെറ്റൽ ഡിസൈൻ തുടങ്ങിയ നൂതന ഫീച്ചറുകളോടെയാണ് പുതിയ സീരീസ് അവതരിപ്പിച്ചിരിക്കുന്നത്.

സമാനതകളില്ലാത്ത വിനോദാനുഭവം പ്രദാനം ചെയ്യുന്നതിനും മെച്ചപ്പെടുത്തിയ ഫീച്ചറുകൾ വാഗ്ദാനം ചെയ്യുന്നതിനും ആകർഷകമായ ഡിസൈൻ ഘടകങ്ങൾ നൽകുന്നതിനുമുള്ള ഹയർ ഇന്ത്യയുടെ വ്യാപകമായ പ്രശംസയെ അടിസ്ഥാനമാക്കിയാണ് പുതിയ ക്യൂഎൽഇഡി സീരീസ് നിർമ്മിക്കുന്നത്. ക്വാണ്ടം ഡോട്ട് ടെക്നോളജി ഉപയോഗിച്ച്, എസ് 800ക്യുടി സീരീസ് അസാധാരണമായ നിറങ്ങളും, അവിശ്വസനീയമാം വിധം ലൈഫ് ലൈക്ക് വിഷ്വലുകളും, 4കെ ഡിസ്പ്ലേയ്ക്കൊപ്പം സമാനതകളില്ലാത്ത വ്യക്തതയും നൽകുന്നു. ഈ വിപ്ലവകരമായ സീരീസ് അത്യാധുനിക സാങ്കേതികവിദ്യയെ ദൃശ്യപരമായി ആകർഷകമായ രൂപത്തോടെ സമന്വയിപ്പിക്കുന്നു, ഉപഭോക്താക്കളെ അവരുടെ വീടിന്റെ സുഖസൗകര്യങ്ങളിൽ നിന്ന് സമാനതകളില്ലാത്ത സിനിമാറ്റിക് യാത്രയിൽ മുഴുകുക.

"ഹയറിൽ, ഹോം എന്റർടൈൻമെന്റ് അനുഭവം തുടർച്ചയായി പുനർനിർവചിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്, കൂടാതെ ഫീച്ചർ പായ്ക്ക് ചെയ്ത എസ് 800ക്യുടി ക്യൂഎൽഇഡി സീരീസ് ഉപയോഗിച്ച്, അത്യാധുനിക സാങ്കേതികവിദ്യയുടെയും സൗന്ദര്യാത്മക മികവിന്റെയും സമന്വയ സംയോജനമാണ് ഞങ്ങൾ നൽകുന്നത്. വിട്ടുവീഴ്ചയില്ലാത്ത ദൃശ്യ വൈദഗ്ധ്യവും സ്വന്തം വീടുകളിൽ ഒരു ഇമേഴ്സീവ് സിനിമാറ്റിക് സങ്കേതവും തേടുന്ന ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത ഒരു ഹോം എന്റർടെയ്ൻമെന്റ് സൊല്യൂഷൻ വാഗ്ദാനം ചെയ്യുന്ന, ഉപഭോക്താക്കളുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങളും മുൻഗണനകളും നിറവേറ്റാൻ ഹയർ ഇന്ത്യ ലക്ഷ്യമിടുന്നു.

പുതിയ ക്യൂഎൽഇഡി സീരീസിന്റെ ലോഞ്ച് ഉപഭോക്താക്കൾക്ക് ശൈലിയും നൂതനത്വവും സമന്വയിപ്പിക്കുന്ന ഏറ്റവും മികച്ച സാങ്കേതിക നൂതന ഉൽപ്പന്നങ്ങൾ നൽകാനുള്ള ഞങ്ങളുടെ പ്രതിബദ്ധത എടുത്തു കാണിക്കുന്നു.' ഹയർ ഇന്ത്യ പ്രസിഡന്റ് ശ്രീ എൻ എസ് സതീഷ് പറഞ്ഞു.

## നടിയെ ആക്രമിച്ച കേസിൽ ദിലീപിന് വീണ്ടും തിരിച്ചടി; മൊഴിപ്പകർപ്പ് അതിജീവിതയ്ക്ക് നൽകരുതെന്ന ഹരജി തള്ളി

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ പ്രതി ദിലീപിന് ഹൈക്കോടതിയിൽ നിന്ന് വീണ്ടും തിരിച്ചടി. വസ്തുതാന്വേഷണ റിപ്പോർട്ടിലെ മൊഴിപ്പകർപ്പ് അതിജീവിതയ്ക്ക് നൽകാൻ നിർദേശിച്ച സിംഗിൾ ബെഞ്ച് ഉത്തരവ് ചോദ്യംചെയ്തുള്ള ദിലീപിന്റെ അപ്പീൽ ഡിവിഷൻ ബെഞ്ച് തള്ളി. തീർപ്പാക്കിയ ഹരജിയിൽ പുതിയ ആവശ്യങ്ങൾ പരിഗണിക്കുന്നത് സുപ്രിംകോടതി വിധിയുടെ ലംഘനമാണെന്നായിരുന്നു ദിലീപിന്റെ വാദം.

വസ്തുതാന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുന്ന മൊഴിപ്പകർപ്പുകൾ അതിജീവിതക്ക് നൽകാൻ സിംഗിൾ ബെഞ്ച് ഉത്തരവിട്ടപ്പോൾ എതിർകക്ഷിയായ തന്റെ വാദം രേഖപ്പെടുത്തിയില്ലെന്നാണ് ദിലീപിന്റെ വാദം. തീർപ്പാക്കിയ ഹരജിയിൽ പുതിയ ആവശ്യങ്ങൾ പരിഗണിക്കുന്നത് സുപ്രിംകോടതി വിധിയുടെ ലംഘനമാണെന്നും അതിനാൽ അതിജീവിതയ്ക്ക് മൊഴിപ്പകർപ്പ് നൽകാൻ ഉത്തരവിട്ട സിംഗിൾ ബെഞ്ച് തീരുമാനം റദ്ദാക്കണമെന്നും ദിലീപ് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യമാണ് ജസ്റ്റിസുമാരായ എം.നഗരേഷും പി.എം മനോജും ഉൾപ്പെട്ട അവധിക്കാല ബെഞ്ച് തള്ളിയത്.

മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടതിനാലാണ് നീതി തേടി കോടതിയിലെത്തിയതെന്നും മൊഴി തനിക്ക് നൽകേണ്ടതില്ലെന്ന് പറയാൻ പ്രതിക്ക് അവകാശമില്ലെന്നും അതിജീവിത കോടതിയിൽ മറുപടി നൽകി. വസ്തുതാന്വേഷണ റിപ്പോർട്ടിലെ മൊഴികളറിയാൻ ഹരജിക്കാരി എന്ന നിലയിൽ തനിക്ക് അവകാശമുണ്ടെന്നും അതിജീവിത വ്യക്തമാക്കിയിരുന്നു. ഇത് പരിഗണിച്ചാണ് ഡിവിഷൻ ബെഞ്ചിന്റെ തീരുമാനം.

നടി ആക്രമിക്കപ്പെട്ട ദൃശ്യങ്ങൾ ഉൾപ്പെടുന്ന മെമ്മറികാർഡ് മൂന്ന് തവണ അനധികൃതമായി തുറന്നുപരിശോധിച്ചെന്ന് ജില്ലാ ജഡ്ജി നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ഈ വസ്തുതാന്വേഷണ റിപ്പോർട്ടിലെ മൊഴിപ്പകർപ്പ് അതിജീവിതയ്ക്ക നൽകാനായിരുന്നു സിംഗിൾ ബെഞ്ച് ഉത്തരവ്.

## സംഗീത കുലപതിക്ക് പ്രണാമം

മലയാള സംഗീത ചക്രവാളത്തിലെ ഏറ്റവും ശ്രദ്ധേയനായ ഗായകനും, സംഗീത സംവിധായകനുമായ കെ.ജി.ജയനും അരങ്ങൊഴിഞ്ഞു. സംഗീത ലോകത്തിലെ ഇരട്ട നക്ഷത്രങ്ങളായിരുന്നു കെ.ജി.ജയനും, അദ്ദേഹത്തിന്റെ സഹോദരനായ കെ.ജി.വിജയനും. 1988ലായിരുന്നു കെ.ജി.വിജയന്റെ വിയോഗം. ജയനും വിജയനും ചേർന്ന കൂട്ടുകെട്ട് നിരവധി ഭക്തി ഗാനങ്ങൾക്ക് ഈണമിട്ടു. തമിഴ്, മലയാളത്തിലായി 30ഓളം സിനമകൾക്ക് ഇവർ സംഗീതം നൽകി. നിറകുടം എന്ന ചിത്രത്തിലെ നക്ഷത്ര ദീപങ്ങൾ തിളങ്ങി, തെരുവ് ഗീതത്തിലെ ഹൃദയം ദേവാലയം എന്നീ ഗാനങ്ങൾ സൂപ്പർ ഹിറ്റുകളായി. വളരെ പ്രയാസപ്പെട്ടാണ് ഈ സഹോദരന്മാർ സംഗീത ലോകത്തേക്ക് എത്തിപ്പെടുന്നത്. സംഗീത പഠനത്തിന് സാമ്പത്തിക പ്രയാസം നേരിടുകയുണ്ടായി. ശ്രീ ചിത്തിര തിരുനാൾ മഹാരാജാവാണ് സംഗീത പഠനത്തിന് സാമ്പത്തിക സഹായം നൽകിയത്. ഡോ.ബാലമുരളികൃഷ്ണയുടെ കീഴിൽ സഹോദരന്മാർ സംഗീതം അഭ്യസിച്ചു. പിന്നീട് ചെമ്പൈ വൈദ്യനാഥ ഭാഗവതരെ കാണുകയും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ചലച്ചിത്ര മേഖലയിൽ എത്തിപ്പെടുകയും സിനിമകൾക്ക് സംഗീതം പകരുകയും ചെയ്തു.

മലയാളിയുടെ മനസ്സിൽ ഈശ്വര ഭജനം നിറച്ചതിൽ ഈ സഹോദരന്മാർ വഹിച്ച പങ്ക് വളരെ വലുതാണ്. കവി രമേശൻ നായരുമായി ചേർന്ന് ചെയ്ത ഭക്തിഗാന ആൽബങ്ങൾ സൂപ്പർ ഹിറ്റുകളായി. കർണ്ണാടക സംഗീതത്തിലുള്ള അറിവിന്റെ ആഴമാണ് ഇരുവരുടെയും സംഗീത സംവിധാനത്തിന്റെ അടിസ്ഥാനം. രാഗങ്ങളെ സാമാന്യ ജനങ്ങൾക്ക് ആസ്വദിക്കാൻ സാധിക്കുന്ന തരത്തിൽ അവർ പാട്ടുകളിൽ സന്നിവേശിപ്പിച്ചു. യേശുദാസിന്റെ ശബ്ദത്തിലൂടെ ഇവരുടെ ഗാനങ്ങളെല്ലാം മലയാളികൾ ഏറ്റുവാങ്ങി. സംഗീത ലോകത്ത് പകരം വെയ്ക്കാനില്ലാത്ത സഹോദര കൂട്ടുകെട്ടിൽ കെ.ജി.ജയനും കൂടി മറയുമ്പോൾ മലയാളിക്കിത് തീർത്താൽ തീരാത്ത നഷ്ടമാണ്. മലയാളികളെല്ലാം മൂളിയിരുന്ന അനശ്വര ഗാനങ്ങൾ സമ്മാനിച്ചാണ് കെ.ജി.ജയനും മടങ്ങുന്നത്.

സംഗീത ലോകത്ത് ചെമ്പൈയുടെയും, ബാലമുരളികൃഷ്ണയുടെയും അനുഗ്രഹം ലഭിച്ച ഈ സംഗീതജ്ഞനും മടങ്ങുമ്പോൾ നമുക്ക് ബാക്കിയാകുന്നത് അവർ സമ്മാനിച്ച അനശ്വര സംഗീത ശിൽപ്പങ്ങളാണ്. സംഗീത കുലപതിക്ക് പ്രണാമം.

## അപകടങ്ങൾ വർധിക്കുന്നു; കെഎസ്ആർടിസി ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും പ്രത്യേക പരിശീലനം

തിരുവനന്തപുരം: അപകടം ഒഴിവാക്കുന്നതിന് കെഎസ്ആർടിസി ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും പ്രത്യേക പരിശീലനം നൽകാൻ കോർപ്പറേഷൻ തീരുമാനിച്ചു. കെഎസ്ആർടിസി ബസുകൾ ഉൾപ്പെടുന്ന അപകടങ്ങൾ വർധിച്ച സാഹചര്യത്തിലാണ് അടിയന്തര നടപടി. രണ്ട് മാസത്തിലൊരിക്കൽ നിർബന്ധമായും ഈ പരിശീലനം നൽകണമെന്ന് യൂണിറ്റ് ഓഫീസർമാർക്ക് നിർദേശം നൽകി.ആഴ്ചയിൽ മൂന്ന് മുതൽ അഞ്ച് വരെ അപകടം കെഎസ്ആർടിസി ബസ് കാരണം കേരളത്തിലുണ്ടാകാറുണ്ട്. അപകടത്തോത് കുറക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദേശമാണ് ആക്സിഡന്റ്സ് സെൽ വർക്ക് മാനേജർ ഡിപ്പോ ഓഫീസർമാർക്ക് നൽകിയത്. രണ്ട് മാസത്തിലൊരിക്കൽ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്ക് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പരിശീലനങ്ങൾ നിർബന്ധമായും നൽകണം. എല്ലാ മാസവും യൂണിറ്റ് തലത്തിൽ അപകടവുമായി ബന്ധപ്പെട്ട അവലോകന യോഗം ചേരണം.

മാസത്തിലെ നാലാമത്തെ ശനിയാഴ്ചയാണ് യൂണിറ്റ് തല അപകട അവലോകനം ചേരേണ്ടത്. ഗുരുതര അപകടമാണെങ്കിൽ വിശകലനം നടത്തി കാരണം കണ്ടുപിടിക്കുകയും , ഒഴിവാക്കാനുള്ള നിർദേശങ്ങൾ ക്രോഡീകരിക്കുകയും വേണം. സിഎംഡി തലത്തിൽ നടത്തുന്ന യോഗത്തിലും യൂണിറ്റ് ഓഫീസർ, ഗ്യാരേജ് ഹെഡ് എന്നിവർ ഗുരുതര അപകടങ്ങളുടെ വിശദ റിപ്പോർട്ട് അവതരിപ്പിക്കണം.

## മുതിർന്ന മാധ്യമപ്രവർത്തകൻ പാലോളി കുഞ്ഞിമുഹമ്മദ് അന്തരിച്ചു



പെരിന്തൽമണ്ണ: മുതിർന്ന മാധ്യമപ്രവർത്തകൻ പാലോളി കുഞ്ഞിമുഹമ്മദ് (76) അന്തരിച്ചു. പെരിന്തൽമണ്ണ ഇ.എം.എസ് ആശുപത്രിയിലായിരുന്നു അന്ത്യം. അപകടത്തിൽ പരിക്കേറ്റതിനെ തുടർന്ന് ചികിത്സയിലായിരുന്നു.

1968 മുതൽ 2008 വരെ ദേശാഭിമാനി ലേഖകനായിരുന്നു. 2008 ജനുവരി 29ന് മലപ്പുറം ബ്യൂറോ ചീഫ് ആയിരിക്കെ വിരമിച്ചു. ആറു തവണ മലപ്പുറം പ്രസ് ക്ലബ് പ്രസിഡന്റും ഏഴു തവണ സെക്രട്ടറിയുമായിരുന്നു.

എസ്.ജെ.എഫ്.കെ മലപ്പുറം ജില്ലാ പ്രസിഡന്റ്, സംസ്ഥാന കമ്മിറ്റി അംഗം, മലപ്പുറം മുനിസിപ്പൽ കൗൺസിൽ പ്രതിപക്ഷനേതാവ്, സ്പെഷ്യൽ കൗൺസിലർ, വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ, സി.പി.ഐ.എം മലപ്പുറം ഏരിയാ മുൻ സെക്രട്ടറി, തിരൂർ തുഞ്ചൻ സ്മാരക മാനേജിങ് കമ്മിറ്റിയംഗം തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. ഭാര്യ: ഖദീജ, മക്കൾ: പരേതയായ സാജിത, ഖൈറുന്നിസ. മരുമക്കൾ: ഹനീഫ, ഇബ്രാഹീം




## വെസ്റ്റയുടെ വൈറ്റ് ചോക്ലറ്റ് ഐസ്ക്രീം കല്യാണി പ്രിയദർശൻ പുറത്തിറക്കി

കോഴിക്കോട്: ഐസ്ക്രീം വിപണിയിൽ വൈറ്റ് ചോക്ലറ്റ് ഉത്പന്നങ്ങൾ അവതരിപ്പിച്ച് വെസ്റ്റ ഐസ്ക്രീം. കോഴിക്കോട് ഹൈലൈറ്റ് മാളിൽ നടന്ന ചടങ്ങിൽ സിനിമ താരവും വെസ്റ്റ ഐസ്ക്രീം ബ്രാൻഡ് അംബാസിഡറുമായ കല്യാണി പ്രീയദർശൻ പുതിയ ഉത്പന്നങ്ങ പുറത്തിറക്കി. കഴിഞ്ഞ ആറ് പതിറ്റാണ്ടായി കേരളത്തിൽ പാലുൽപ്പന്നങ്ങളും കാലിത്തീറ്റയും നിർമ്മിക്കുന്ന കെ.എസ്.ഇ ലിമിറ്റഡിന്റെ ഉത്പന്നമാണ് വെസ്റ്റ.

മറ്റെല്ലാ ബ്രാൻഡുകളിൽ നിന്നും വ്യത്യസ്തമായി ശുദ്ധമായ പാലിൽ നിന്നാണ് ഈ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതെന്ന് വെസ്റ്റ ഐസ്ക്രീം മാനേജിങ് ഡയറക്ടർ എം.പി. ജാക്സൺ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 15 വ്യത്യസ്ഥ രുചികളിലുള്ള ഒരു ലിറ്റർ പാക്കറ്റ് വെസ്റ്റ ഐസ്ക്രീം ഇപ്പോൾ ലഭ്യമാണ്. കൂടാതെ സ്റ്റിക്കുകൾ, കോൺ, സൺഡേ, ഫണ്ട്, ബൾക്ക് പായ്ക്കറ്റ്, കസാറ്റ, സിപ്പ്-അപ്പുകൾ തുടങ്ങിയ വൈവിധ്യമായ ഐസ്ക്രീം രുചികളിലും വെസ്റ്റ ഇപ്പോൾ വിപണികളിൽ ലഭ്യമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു.

പ്രകൃതിദത്തമായ സുഗന്ധങ്ങളും നിറങ്ങളും മാത്രമാണ് അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നത്. തമിഴ്നാട്ടിലെ തളിയത്ത്, തൃശ്ശൂരിലെ കോനിക്കര, കോഴിക്കോട് കാക്കഞ്ചേരി, കോട്ടയത്തെ വേദഗിരി എന്നിവിടങ്ങളിൽ ഉൽപ്പാദന യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. വർദ്ധിച്ചു വരുന്ന ഉപഭോക്താക്കളുടെ ആവശ്യപ്രകാരം യൂണിറ്റുകൾ വ്യാപിപ്പിക്കാൻ പദ്ധതിയിടുന്നുവെന്ന് വെസ്റ്റ ഐസ്ക്രീം എക്സിക്യൂട്ടീവ് ഡയറക്ടർ പോൾ ഫ്രാൻസിസ് പറഞ്ഞു. പുതുമയും ഗുണനിലവാരവും ഒരിക്കലും വിട്ടുവീഴ്ച ചെയ്യില്ലെന്ന് ഉറപ്പാക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇഷ്ട ഉത്പന്നമായ വെസ്റ്റ ഐസ്ക്രീമിന്റെ ബ്രാന്റ് അംബാസിഡറായതിൽ സന്തോഷമുണ്ടെന്ന് കല്യാണി പ്രിയദർശൻ പറഞ്ഞു.

ഗുണനിലവാരമുള്ള ഉത്പന്നങ്ങൾക്ക് പേരുകേട്ട ഇന്ത്യയിലെ ഏറ്റവും വലിയ കാലിത്തീറ്റ നിർമ്മാതാക്കളിൽ ഒന്നാണ് കെ.എസ്.ഇ. പ്രകൃതിദത്തമായ ചേരുവകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഏറ്റവും ഗുണമേന്മയുള്ള പാലുൽപ്പന്നങ്ങൾ ആണ് കെ.എസ്.ഇ തയ്യാറാക്കുന്നത്. മികച്ച ഗുണനിലവാരമുള്ള തീറ്റകൾ കർഷകർക്ക് ലഭ്യമാക്കുന്നതിലൂടെ കന്നുകാലികളിൽ നിന്നും ഗുണമേന്മയുള്ളതും രുചികരവുമായ പാൽ ലഭ്യമാകുന്നു. ഈ പാൽ കമ്പനി തന്നെ കർഷകരിൽ നിന്ന് സംഭരിക്കുകയും വെസ്റ്റ ഉൾപ്പെടെയുള്ള കേരളത്തിലെ മികച്ച പാലുൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുകയും ചെയ്യുന്നു. വെസ്റ്റ ബ്രാൻഡുകളുടെതായി ഉപഭോകതാക്കൾക്ക് ലഭിക്കുന്ന ഐസ്ക്രീം ഉൾപ്പെടെയുള്ള എല്ലാ പാലുൽപ്പന്നങ്ങളും കർഷകരിൽ നിന്നും ശേഖരിക്കുന്ന ഗുണമേന്മയുള്ള പാലിൽ നിന്നാണ് നിർമ്മിച്ചിരിക്കുന്നത്.



അപകടത്തിൽ തകർന്ന കാർ

## താമരശ്ശേരിയിൽ കാറുകൾ കൂട്ടിയിടിച്ചു; ഏഴു പേർക്ക് പരിക്ക്

കോഴിക്കോട്: കോഴിക്കോട് താമരശ്ശേരിയിൽ കാറുകൾ കൂട്ടിയിടിച്ച് ഏഴു പേർക്ക് പരിക്കേറ്റു. ഒരാളുടെ നില ഗുരുതരമാണ്. മുക്കം സംസ്ഥാന പാതയിൽ രാത്രി പത്തരയോടെയാണ് അപകടം ഉണ്ടായത്.നന്മണ്ട സ്വദേശികളായ കുടുംബം സഞ്ചരിച്ചിരുന്ന കാർ നരിക്കുനി സ്വദേശിയുടെ കാറുമായി കൂട്ടിയിടിക്കുകയായിരുന്നു. ഒരു കാറിലെ ആറുപേർക്കും മറ്റേ കാറിലുണ്ടായിരുന്ന ഒരാൾക്കുമാണ് പരിക്കേറ്റത്.

പരിക്കേറ്റവരെ ഓമശ്ശേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാറുകൾ തമ്മിൽ കൂട്ടിയിടിച്ചശേഷം ഒരു കാർ റോഡിലൂടെ പോവുകയായിരുന്ന ലോറിയിലും ഇടിച്ചിരുന്നു.

## കഴക്കൂട്ടത്ത് വീട് കുത്തിത്തുറന്ന് 35 പവൻ കവർന്നു

തിരുവനന്തപുരം: കഴക്കൂട്ടത്ത് വീട് കുത്തിത്തുറന്ന് കവർച്ച നടത്തിയ കേസിൽ പൊലീസ് സിസിടിവി കേന്ദ്രീകരിച്ചുള്ള അന്വേഷണം ആരംഭിച്ചു. കഴക്കൂട്ടം ശ്യാമിന്റെ വീട്ടിൽ വെള്ളിയാഴ്ചയാണ് മോഷണം നടന്നത്.കുടുബസമേതം മൂകാംബികയിൽ പോയി തിരിച്ചെത്തിയപ്പോഴാണ് മോഷണ വിവരം അറിഞ്ഞത്. കഴക്കൂട്ടം അസി: കമ്മീഷണറുടെ നേതൃത്വത്തിൽ പോലീസ് സംഭവ സ്ഥലത്തെത്തി പരിശോധന നടത്തി.വിരൽ അടയാള വിദഗ്ദരും ഡോഗ് സ്ക്വാഡും പരിശോധിച്ചു. എന്നാൽ മോഷ്ടാക്കൾ ഗ്ലൗസ് ധരിച്ചിരുന്നതിനാൽ സൂചനകൾ ലഭിച്ചില്ലെന്നും കൂടുതൽ വിവരങ്ങൾക്ക് വേണ്ടി സി സി ടി വി കേന്ദ്രീകരിച്ചുള്ള അന്വേഷണം ആരംഭിക്കുകയാണെന്നും പൊലീസ് പറഞ്ഞു. മോഷണത്തിൽ അലമാരയിൽ സൂക്ഷിച്ചിരുന്ന 35 പവനോളം സ്വർണ്ണവും വാച്ചുകളും നഷ്ടമായതായി കണ്ടെത്തി. മോഷ്ടാക്കൾ എല്ലാ മുറികളിലെയും വാതിലുകളും അലമാരകൾ കുത്തിത്തുറന്ന് മോഷണം നടത്തിയിട്ടുണ്ടെന്ന് കുടുംബം പറഞ്ഞു. അതേസമയം എന്നാണ് മോഷണം നടന്നത് എന്നാ കാര്യത്തിൽ ഇതുവരെയും വ്യക്തത ലഭിച്ചിട്ടില്ല.



## വേനൽക്കാല ഊർജ സംരക്ഷണ സൈക്കിൾ റാലി

കോഴിക്കോട് : സംസ്ഥാന വൈദ്യുതി ബോർഡ്, സംസ്ഥാന ഊജ വകുപ്പിന്റെ അംഗീകൃത ഏജൻസിയായ എനർജി മാനേജ്മെന്റ് സെന്റർ കേരള, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന വേനൽക്കാല ഊർജ സംരക്ഷണ കാമ്പയിൻ ഊർജകിരൺ ന്റെ ഭാഗമായി കാളാണ്ടിത്താഴം ദർശനം ഗ്രന്ഥാലയം വിദ്യാർത്ഥികളുടെ സൈക്കിൾ റാലി സംഘടിപ്പിച്ചു. ജില്ലയിൽ 9 ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ മേയ് 5 വരെയുള്ള ദിവസങ്ങളിൽ ബോധവത്ക്കരണ ക്ളാസ്സുകൾ ദർശനം സംഘടിപ്പിക്കും. ദർശനം ഗ്രന്ഥശാലക്ക് മുന്നിൽ നിന്നാരംഭിച്ച സൈക്കിൾ റാലി ബാലവേദി മെന്റർ പി ജസീലുദീൻ ഫ്ളാഗ് ഓഫ് ചെയ്തു. ഊർജ സംരക്ഷണ സന്ദേശങ്ങൾ പ്രദർശിപ്പിച്ച റാലി വിരുപ്പിൽ, കാളാണ്ടിത്താഴം പ്രദേശങ്ങളിൽ ചുറ്റി സമാപിച്ചു. ഗ്രന്ഥശാല സെക്രട്ടറി എം എ ജോൺസൺ, ബാലവേദി മെന്റർ പി തങ്കം, വി വിലാസിനി, വി ജൂലൈന ശശികലമഠത്തിൽ, എം കെ ശിവദാസൻ,ശാലു ദാസ് എന്നിവർ നേതൃത്വം നല്കി.

## ഇന്നത്തെ ചിന്താവിഷയം

>>>>>>>>>>>>>>>>>>>>>>

### പലപ്രദമായ ചർച്ചകൾ എങ്ങനെ യാഥാർത്ഥ്യമാക്കാം

ഏതു വിഷയം എടുത്താലും അവിടെ പലപ്പോഴും തർക്കങ്ങൾ വന്നുചേരാം. തർക്കങ്ങൾ ആരോഗ്യപരമായിരിക്കണം. ഒരിക്കലും വാഗ്വാദങ്ങൾ കീറാമുട്ടിയാകരുത്. തർക്കം പരിഹരിക്കാതെ വരുമ്പോളാണ് ചർച്ചയുടെ പ്രാധാന്യം. ചർച്ചകൾ ഊഷ്മളമെങ്കിൽ വഴിയും കണ്ടെത്തും. ഏതു ചർച്ചകളിലും വിട്ടുവീഴ്ചാ മനോഭാവം അത്യന്താപേക്ഷിതമത്രെ. തെറ്റും ശരിയും തിന്മയും നന്മയും എവിടെയും കാണാം. ഒരു ചർച്ചയിൽ ഇവകളെ വേർതിരിക്കാനാകുന്നുവെങ്കിൽ അവിടെ നേട്ടത്തിനു വഴിതുറക്കുന്നു. കൂട്ടായിട്ടുള്ള അഭിപ്രായമാണ് ആഭികാമ്യം. അത് വന്നു ചേരുന്നില്ലായെങ്കിൽ ഭൂരിപക്ഷ അഭിപ്രായം നിയമമാക്കി തർക്ക പരിഹാരമാകാം. ഇന്നു കണ്ടു വരുന്നത് ഈ പ്രവണതയത്രെ. സാമൂഹ്യ നന്മയെ ആധാരമാക്കി നീതിന്യായ ചട്ടങ്ങൾ ഏവരും പാലിച്ചിരിക്കണം. മര്യാദകളും സഭ്യതകളും വിട്ടുള്ള സംസാരങ്ങൾ അരുത്. ആരോഗ്യപരമായ ചർച്ചകൾ ഫലപ്രദമായി ഭവിക്കും. വിഷയത്തെ വിലയിരുത്തുമ്പോൾ അതിന്റെ നിജസ്ഥിതിയെ നാം മനസ്സിലാക്കിയിരിക്കണം. ഒരിക്കലും ഞാൻ പിടിച്ച മുയലിന് രണ്ടു കൊമ്പെന്ന പ്രവണത ആകരുത്. തെറ്റ് ഒരിക്കലും ശരിയാകില്ല. അതുപോലെ ശരിയെ തെറ്റാക്കാനും കഴിയില്ല. അതായത് യാഥാർത്ഥ്യങ്ങൾ അധികനാൾ മറച്ചു വയ്ക്കാനാകില്ല. സ്വാധീനവും സ്വാർത്ഥവും പലപ്പോഴും അപരാധങ്ങളെ മറച്ചുവയ്ക്കാനായേക്കാം. അവിടെ അങ്ങനെ രക്ഷപ്രാപിക്കുന്നതെന്തും ശാശ്വത പരിഹാരത്തിലെത്തിയെന്നു പറയാനാകില്ല. ഒരു തരം കണ്ണിൽ പൊടിയിടുന്ന പരിപാടി മാത്രം. അതിനാൽ തന്നെ അധികനാൾ നമുക്ക് പിടിച്ചു നിൽക്കാനാകില്ല. ഒരു നാൾ സത്യം മറ നീക്കി ശക്തമായി മുന്നോട്ട് വരുക തന്നെ ചെയ്യും. കാരണം സത്യം ഈശ്വരൻ ആണ്. ഈശ്വരൻ മനുഷ്യന് മുന്നിൽ നിലകൊള്ളുന്നു. ഈശ്വരാത്മതയോടെ തർക്കങ്ങളെ സമീപിക്കുന്നിടത്ത് വഴിയും ലഭ്യമാകും. നാം അറിഞ്ഞു കൊണ്ട് ദ്രോഹങ്ങൾ ചെയ്യാതിരിക്കുക. നമ്മുടെ പ്രവർത്തികൾ മറ്റൊരാൾക്ക് ദോഷമായി ഭവിക്കരുത്. കാരണം നമ്മളെല്ലാവരും ആത്മാവു കൊണ്ട് സഹോദരങ്ങളത്രെ. ഒരു സഹോദരന് തന്റെ സഹോദരങ്ങളെ നോവിക്കാനാകില്ല ദ്രോഹിക്കാനാവില്ല. വഞ്ചിക്കാനാവില്ല. കാരണം മിത്രഭാവം അത്ര അമൂല്യമത്രെ. കോപം വർജ്ജിക്കുക. തർക്കങ്ങളിൽ കോപത്തെ കൂട്ടുപിടിക്കാതിരിക്കുക. പകരം പരസ്പര ബഹുമാനവും സ്നേഹവും പുലർത്തുക. അങ്ങനെ വരുമ്പോൾ ഏതു ചർച്ചകളും ഫലപ്രദമാകുന്ന യാഥാർത്ഥ്യത്തെ കണ്ടെത്താനാകുന്നു. അങ്ങനെ ചർച്ച വിജയപ്രാപ്തി നേടുന്നു. ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നു കൊണ്ട് നന്ദി നമസ്ക്കാരം.

**കെ. വിജയൻ നായർ**
**മുംബൈ**

## ശാപം പാകിടും

>>>>>>>>>>>>>>>

തിളങ്ങുന്ന മാനത്ത് കൊടുംചൂട്
വിളമ്പുന്നു ഭൂമിക്കു ചരമഗീതവും
ശ്വാസത്തിൻ ഗതിയങ്ങ് കുറുകി
ശബ്ദമില്ലാ ജീവനം ദുരിതത്തിലും.

നിഴലുണ്ട് സഞ്ചരിക്കാൻ കൂടെയും
മിഴിയുണ്ട് മത്സരിക്കാൻ ചാരെയും
അതിശീഘ്രം പടവെട്ടും മോഹവും
അവസാനം മരണത്തെ പുൽകിടും.

ചിതൽപ്പുറ്റിലൊളിപ്പൂ ജ്ഞാനവും
ചിരകാലമേറിടും സാക്ഷാത്കരവും
മറയുന്ന മനസ്സറിഞ്ഞീടുമത് മിഥ്യയും
മലർവാടി അണിയുന്നു വസന്തവും.

ഹേ! മനുഷ്യാ,മടങ്ങുന്നു മണ്ണിലേക്ക്
അതുവരെ നെഞ്ചിലേറ്റാമീ നിന്ദയും
അടിവേരറ്റു വീഴുന്ന നിമിഷംപോലും
അജ്ഞാതമാകുമഹങ്കാരി മാനവർ.

കണ്ടും കേട്ടുമനുഭവിച്ചറിഞ്ഞാലും
കോലം കെട്ടാൻ മടിക്കില്ല മനുജർ
ഹന്ത ക്രൂരതയും സത്യവിരുദ്ധവും
സ്വന്തം വഴികളിൽ ശാപം പാകിടും.



**കെ. വിജയൻ നായർ**
**മുംബൈ**

# ഹേമ മാലിനിക്കെതിരായ പരാമർശം; രൺദീപ് സിങ് സുർജേവാലയ്ക്ക് 48 മണിക്കൂർ വിലക്ക്

ന്യൂഡൽഹി: ബി.ജെ.പി എം.പി, ഹേമ മാലിനിക്കെതിരായ വിവാദ പരാമർശത്തിന്റെ പേരിൽ കോൺഗ്രസ് എം.പി രൺദീപ് സിങ് സുർജേവാലയ്ക്ക് തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ നിന്ന് 48 മണിക്കൂർ വിലക്കേർപ്പെടുത്തി തെരഞ്ഞെടുപ്പ് കമ്മിഷൻ. ഈ ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്ത് തെരഞ്ഞെടുപ്പ് കമ്മിഷൻ നൽകുന്ന ആദ്യ വിലക്കാണ് സുർജേവാലയ്ക്കെതിരേയുള്ളത്.

ഹേമമാലിനിയെ പോലുള്ളവർക്ക് എം.പി സ്ഥാനം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് സുർജേവാല നടത്തിയ പരാമർശമാണ് വിവാദമായത്.

പരാതി സംബന്ധിച്ച് സുർജേവാലയ്ക്കെതിരെ തെരഞ്ഞെടുപ്പ് കമ്മീഷൻ നേരത്തെ കാരണം കാണിക്കൽ നോട്ടീസും അയച്ചിരുന്നു. സുർജേവാലയുടെ മറുപടി കേട്ട ശേഷമാണ് തെരഞ്ഞെടുപ്പ് കമ്മിഷൻ അദ്ദേഹത്തിനെതിരേ നടപടിയെടുത്തത്. പരാമർശം ഹേമ മാലിനിയുടെ വ്യക്തിത്വത്തിനും അന്തസ്സിനും കോട്ടം തട്ടുന്നതാണെന്ന് കമ്മിഷൻ വിലയിരുത്തി.പൊതുപരിപാടികൾ, റാലികൾ, റോഡ് ഷോകൾ, മാധ്യമ ഇടപെടൽ എന്നിവയിൽ നിന്നെല്ലാം 48 മണിക്കൂറോളം മാറി നിൽക്കണമെന്നാണ് കമ്മിഷൻ സുർജേവാലയോട് ആവശ്യപ്പെട്ടിട്ടുള്ളത്. ചൊവ്വാഴ്ച വൈകുന്നേരം ആറ് മണി മുതൽ 48 മണിക്കൂറോളമാണ് വിലക്ക്.

അതേസമയം ബിജെപി തെറ്റായി വ്യാഖ്യാനിച്ച വീഡിയോയിലെ ചില ഭാഗങ്ങൾ മാത്രം പ്രചരിപ്പിക്കുകയാണെന്നായിരുന്നു സുർജേവാലയുടെ പ്രതികരണം.ഹേമമാലിനിയോട് എന്നും ബഹുമാനം മാത്രമാണ് ഉള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# 'പ്രതിപക്ഷ നേതാക്കളെ തല്ലിയും അറസ്റ്റ് ചെയ്തും ബിജെപിയിൽ ചേർക്കാൻ ശ്രമിച്ചതിന്റെ ഇരയാണ് താൻ'; ഹേമന്ത് സോറൻ



റാഞ്ചി: ബി.ജെ.പിയിൽ ചേരാൻ തന്നെ നിർബന്ധിക്കുന്നതിനുള്ള ഗൂഢാലോചനയുടെ ഭാഗമായിരുന്നു തന്റെ അറസ്റ്റെന്ന് മുൻ ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ. ഇ.ഡിയുടെ അറസ്റ്റ് രാഷ്ട്രീയ പ്രേരിതമാണെന്നും സോറൻ പറഞ്ഞു. റാഞ്ചിയിലെ പ്രത്യേക കോടതിയിൽ ജാമ്യാപേക്ഷ ഹരജിയിലാണ് ഇ.ഡിക്കെതിരെയും ബി.ജെ.പിക്കെതിരെയും ഗുരുതര ആരോപണുമായി മുൻ മുഖ്യമന്ത്രി രംഗത്തുവന്നത്.

”പ്രമുഖ പ്രതിപക്ഷ നേതാക്കളെ തല്ലിയും ഭീഷണിപ്പെടുത്തിയും അറസ്റ്റ് ചെയ്തും ബി.ജെ.പിയിൽ ചേർക്കാനുള്ള കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ നീക്കമാണ് നടന്നത്. ഹരജിക്കാരനും അതിനിരയാണ്” എന്നതാണ് ഹരജിയിൽ കുറിച്ചത്.ഇ.ഡി കേസിൽ മറുപടി ഫയൽ ചെയ്യാൻ സമയം ആവശ്യപ്പെട്ടതിന് പിന്നാലെ പണം വെളുപ്പിക്കൽ, തടയൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ വാദം കേൾക്കൽ ഏപ്രിൽ 23ലേക്ക് മാറ്റി.

അനതികൃത ഭൂമി ഇടപാട് കേസിൽ ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഹേമന്ത് സോറനെ മുഖ്യപ്രതിയാക്കി ഇ.ഡി കുറ്റപത്രം രണ്ടാഴ്ച മുമ്പാണ് ഇ.ഡി കുറ്റപത്രം സമർപ്പിച്ചത്.

കുംഭകോണം കേസിൽ അറസ്റ്റിലായ അഞ്ചു പ്രതികളെയും ചേർത്താണ് കുറ്റപത്രം. അറസ്റ്റിലായ ഒരു പ്രതിയുടെ ഓഫീസിൽ നിന്നും പിടിച്ചെടുത്ത രേഖകളിൽ മുഖ്യമന്ത്രിയായിരിക്കെ സോറൻ നടത്തിയ ഇടപാടുകളുടെ കുറിപ്പുകൾ ഇ.ഡിക്ക് ലഭിച്ചിരുന്നു. 5,700 പേജുകൾ അടങ്ങിയതാണ് കുറ്റപത്രം.

ഭൂമി കുംഭകോണ കേസുമായി ബന്ധപ്പെട്ട് ജനുവരി 31നാണ് ഹേമന്ത് സോറനെ ഇ.ഡി അറസ്റ്റ് ചെയ്യുന്നത്. റാഞ്ചിയിലെ ബിർസ മുണ്ട ജയിലിലാണ് നിലവിൽ സോറൻ.

# ഇറാനെതിരെ വീണ്ടും ആക്രമണത്തിനൊരുങ്ങി ഇസ്രായേൽ; അതിവേഗം തിരിച്ചടിയെന്ന് ഇറാൻ

തെൽ അവിവ്: ഇറാനെതിരെ പ്രത്യാക്രമണത്തിന് ഒരുങ്ങി ഇസ്രായേൽ. വ്യാപകയുദ്ധത്തിലേക്ക് പോകാത്തവിധം കൃത്യവും പരിമിതവുമായിരിക്കും പ്രത്യാക്രമണമെന്ന് ഇസ്രായേൽ അമേരിക്കയെ അറിയിച്ചു. ഇസ്രായേലാണ് തീരുമാനിക്കേണ്ടതെന്നും അതേ സമയം യുദ്ധവ്യാപ്തി തങ്ങൾ ആഗ്രഹിക്കുന്നില്ലെന്നുമാണ് അമേരിക്കയുടെ നിലപാട്.

ഇന്നലെ ചേർന്ന മൂന്നുമണിക്കൂർ നീണ്ട ഇസ്രായേൽ യുദ്ധകാര്യ മന്ത്രിസഭാ യോഗത്തിലാണ് ഇറാനെതിരെ പ്രത്യാക്രമണം നടത്താൻ ധാരണ. തിരിച്ചടിയുടെ സ്വഭാവവും വ്യാപ്തിയും നിർണയിച്ചിട്ടില്ല. ഇന്ന് വീണ്ടും യുദ്ധകാര്യ മന്ത്രിസഭ യോഗം ചേരും. നൂറുകണക്കിന് മിസൈലുകളും ഡ്രോണുകളും അയച്ച് ഇസ്രായേലിനെതിരെ ആക്രമണം നടത്തിയ ഇറാൻ ശിക്ഷിക്കപ്പെടാതെ പോകില്ലെന്ന് സൈനികമേധാവി റവ് അലുഫ് ഹെർസി ഹലേവി പറഞ്ഞു. ഇറാൻറെ ആക്രമണം നടന്ന നവാതിം എയർബേസ് സന്ദർശിച്ചാണ്സൈനിക മേധാവിയുടെ പ്രതികരണം. ഇറാനെ അക്രമിക്കാനുള്ള തീരുമാനം ഇസ്രായേൽ പ്രതിരോധ മന്ത്രി യോവ് ഗാലൻറ് അമേരിക്കൻ പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനെ അറിയിച്ചു. പ്രത്യാക്രമണം തീരുമാനിക്കേണ്ടത് ഇസ്രായേൽ ആണെന്ന് പെൻറഗൺ വ്യക്തമാക്കി.

അതേസമയം സംഘർഷം വ്യാപിക്കുന്നത് തടയാനാണ് അമേരിക്കയുടെ നീക്കമെന്നും പെൻറഗൺ അറിയിച്ചു. അമേരിക്കയുമായി കൂടിയാലോചിച്ചാകും പ്രത്യാക്രമണ നീക്കമെന്ന് ഇസ്രായേൽ സൈനിക, രാഷ്ട്രീയ നേതൃത്വം പ്രതികരിച്ചു. അപകടകരമായ കടന്നുകയറ്റത്തിൽ നിന്ന് വിട്ടുനിൽക്കാൻ എല്ലാവരും തയാറാകണമെന്ന് ചൈനയും കനഡയും ആവശ്യപ്പെട്ടു. സംഘർഷം വ്യാപിക്കുന്നതു തടയാൻ വിവേകപൂർണമായ നടപടി സ്വീകരിക്കണമെന്ന് യു.എൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ്. ഖത്തർ അമീർ ഇറാൻ, തുർക്കി പ്രസിഡൻറുമാരുമായി ഫോണിൽ സംസാരിച്ചു. അമേരിക്കൻ സൈനിക മേധാവി സൗദി സൈനിക നേതൃത്വവുമായി ടെലിഫോണിൽ ചർച്ച നടത്തി. കോൺസുലേറ്റ് ആക്രമണത്തിനുള്ള മിനിമം നടപടി മാത്രമാണ് കഴിഞ്ഞ ദിവസം നൽകിയതെന്നും പ്രത്യാക്രമണം ഉണ്ടായാൽ മാരകവും വ്യാപ്തിയുള്ളതുമായിരിക്കും മറുപടിയെന്നും ഇറാൻ വിദേശകാര്യ മന്ത്രി ഇസ്രായേലിന് താക്കീത് നൽകി.

അതിനിടെ, ഗസ്സയിലെ റഫക്കു നേരെയുള്ള കരയാക്രമണം തൽക്കാലം നിർത്തി വെക്കുന്നതായി ഇസ്രായേൽ അറിയിച്ചു. ഇറാനെതിരായ പ്രത്യാക്രമണ നീക്കത്തിൻറെ വെളിച്ചത്തിലാണിത്. അധികം വൈകാതെ റഫയിൽ നിന്ന് ആളുകളെ ഒഴിപ്പിച്ച് ഹമാസിനെ അമർച്ച ചെയ്യുമെന്നും ഇസ്രായേൽ സൈനിക വക്താവ് വ്യക്തമാക്കി. ഗസ്സയുടെ വിവിധ ഭാഗങ്ങളിൽ ഇന്നലെ നടന്ന ആക്രമണങ്ങളിൽ 63 പേർ കൂടി കൊല്ലപ്പെട്ടു. ഗസ്സയിൽ ഇസ്രായേൽ വ്യോമ, കര ആക്രമണത്തിൽ തകർത്ത അൽശിഫ ആശുപത്രി അടക്കം രണ്ടിടത്ത് കൂട്ടക്കുഴിമാടം കണ്ടെത്തി. ഇസ്രായേൽ സൈന്യം വകവരുത്തിയ സ്ത്രീകളും കുഞ്ഞുങ്ങളും അടക്കം 400ലധികം പേരുടെ മൃതദേഹങ്ങളാണ് കണ്ടെടുത്തത്. ആശുപത്രിക്ക് നേരെ ആക്രമണം നടത്തിയ ഇസ്രായേൽ സൈന്യം ഫലസ്തീനികളെ കൊലപ്പെടുത്തി കൂട്ടക്കുഴിമാടം തീർത്ത് മറവ് ചെയ്യുകയായിരുന്നു.

# പ്രധാനമന്ത്രി അഴിമതിയുടെ ചാമ്പ്യൻ; രാഹുൽ ഗാന്ധി



ഗസിയാബാദ്: പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അഴിമതിയുടെ ചാമ്പ്യൻ എന്ന് വിശേഷിപ്പിച്ച് മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ലോകത്തിലെ ഏറ്റവും വലിയ കൊള്ളയടിക്കൽ പദ്ധതിയാണ് ഇലക്ടറൽ ബോണ്ടെന്നും രാഹുൽ ചൂണ്ടിക്കാട്ടി. സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവുമായി നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിൽ, പ്രധാനമന്ത്രി മോദി അടുത്തിടെ എഎൻഐയ്ക്ക് നൽകിയ അഭിമുഖം “സ്ക്രിപ്റ്റഡ് ആണെന്നും ഫ്ലോപ്പ് ഷോ ആണെന്നും രാഹുൽ ആരോപിച്ചു.

”പ്രധാനമന്ത്രി എഎൻഐക്ക് നൽകിയ നീണ്ട അഭിമുഖത്തിൽ ഇലക്ടറൽ ബോണ്ടിനെക്കുറിച്ച് പറഞ്ഞു. സുതാര്യതയ്ക്കും രാഷ്ട്രീയം ശുദ്ധീകരിക്കുന്നതിനുമാണ് ഇലക്ടറൽ ബോണ്ട് സംവിധാനം കൊണ്ടുവന്നതെന്നാണ് പ്രധാനമന്ത്രിയുടെ അവകാശവാദം. ഇത് ശരിയാണെങ്കിൽ എന്തുകൊണ്ട് ആ സംവിധാനം സുപ്രിംകോടതി റദ്ദാക്കി.രണ്ടാമതായി, സുതാര്യത കൊണ്ടുവരാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ എന്തിനാണ് ബി.ജെ.പിക്ക് പണം നൽകിയവരുടെ പേരുകൾ മറച്ചുവച്ചത്. പിന്നെ എന്തിനാണ് അവർ നിങ്ങൾക്ക് പണം തന്ന തിയതികൾ മറച്ചത്? രാഹുൽ ചോദിച്ചു. “ഇത് ലോകത്തിലെ ഏറ്റവും വലിയ കൊള്ളയടിക്കൽ പദ്ധതിയാണ്. ഇന്ത്യയിലെ എല്ലാ വ്യവസായികളും ഇത് മനസ്സിലാക്കുകയും അറിയുകയും ചെയ്യുന്നു, പ്രധാനമന്ത്രി എത്ര വ്യക്തത വരുത്താൻ ആഗ്രഹിച്ചാലും അത് ഒരു മാറ്റവും ഉണ്ടാക്കില്ല. കാരണം പ്രധാനമന്ത്രി അഴിമതിയുടെ ചാമ്പ്യനാണെന്ന് രാജ്യത്തിനാകെ അറിയാം” രാഹുൽ ഗാന്ധി കൂട്ടിച്ചേർത്തു.

തെരഞ്ഞെടുപ്പ് ബോണ്ട് പദ്ധതിയെക്കുറിച്ച് പ്രതിപക്ഷം നുണകൾ പ്രചരിപ്പിക്കുകയാണെന്നും സത്യസന്ധമായ പ്രതിഫലനം ഉണ്ടാകുമ്പോൾ എല്ലാവരും ഖേദിക്കുമെന്നും അഭിമുഖത്തിൽ നരേന്ദ്ര മോദി പറഞ്ഞിരുന്നു. രാഷ്ട്രീയത്തിലെ കള്ളപ്പണം തടയുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചതെന്ന് പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു.

# 'അൺഹാപ്പി അവധി' പ്രഖ്യാപിച്ച് കമ്പനി, ഏറ്റെടുത്ത് സോഷ്യൽ മീഡിയ

ബീജിങ്: ജീവിക്കാൻ വേണ്ടിയാണ് എല്ലാവരും ജോലി ചെയ്യുന്നത്.എന്നാൽ ജോലിയും ജീവിതവുമെല്ലാം ഒരുമിച്ച് കൊണ്ടുപോകാൻ പലപ്പോഴും ബുദ്ധിമുട്ടാറുണ്ട്. എന്തെങ്കിലും അസുഖമാണെങ്കിൽ മെഡിക്കൽ ലീവെടുക്കാനുള്ള സൗകര്യം മിക്ക സ്ഥാപനങ്ങളും നൽകുന്നുണ്ട്.എന്നാൽ മനസിന് സന്തോഷമില്ലെന്ന് പറഞ്ഞ് ലീവെടുക്കാൻ സാധിച്ചെങ്കിലോ?

എന്നാലിതാ ജീവനക്കാരുടെ വ്യക്തിജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള ചൈനയിലെ ഒരു കമ്പനിയുടെ തീരുമാനമാണ് ഇപ്പോൾ സോഷ്യൽമീഡിയയിൽ വൈറലാകുന്നത്. ചൈനയിലെ ഒരു റീട്ടയിൽ മാഗ്നറ്റ് ആണ് തന്റെ ജീവനക്കാർക്കായി അൺഹാപ്പി ലീവ് അനുവദിച്ചത്. ഒന്നല്ല,പത്തുദിവസമാണ് ലീവ് അനുവദിച്ചിരിക്കുന്നത്. എല്ലായ്പ്പോഴും എല്ലാവർക്കും സന്തോഷം മാത്രമായിരിക്കില്ല ഉണ്ടാകുന്നത്. നിങ്ങൾ സന്തോഷവന്മാരല്ലെങ്കിൽ ഇന്ന് ജോലിക്ക് വരരുതെന്ന് കമ്പനി സ്ഥാപകനും ചെയർമാനുമായ യു ഡോംഗ്ലായ് പ്രഖ്യാപിച്ചു. സന്തോഷമില്ലാതെ ഓഫീസിൽ വരുമ്പോൾ ജോലിയിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിയാതെ വരുന്നു. ആ സമയത്ത് വിശ്രമിക്കുന്നതാണ് നല്ലത്. അതുകൊണ്ട് ജീവനക്കാർക്ക് 10 ദിവസം വരെ ലീവെടുക്കാം.ഈ അവധി മാനേജ്മെന്റിന് നിഷേധിക്കാനാവില്ലെന്നും നിഷേധിച്ചാൽ തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കുമെന്നും യു ഡോംഗ്ലായ് പറഞ്ഞു.

കമ്പനിയുടെ വളർച്ച മാത്രമല്ല, ഞങ്ങളുടെ ജീവനക്കാർക്ക് ആരോഗ്യകരവും ശാന്തവുമായ ജീവിതം ലഭിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു, അതുവഴി കമ്പനിക്കും ആ നേട്ടം ലഭിക്കുമെന്നും ചെയർമാൻ പറയുന്നു. ഏതായാലും കമ്പനിയുടെ 'അൺ ഹാപ്പി അവധി' സോഷ്യൽമീഡിയയിൽ വൈറലായിട്ടുണ്ട്. ഇത്രയും നല്ലൊരു ബോസും കമ്പനിയും എവിടെക്കിട്ടുമെന്നായിരുന്നു പലരുടെയും കമന്റ്. ഈ രീതി രാജ്യവ്യാപകമായി പ്രോത്സാഹിപ്പിക്കപ്പെടണമെന്ന് ചിലർ ആവശ്യപ്പെട്ടു. ജോലിക്കാരെ സന്തോഷിപ്പിച്ചാൽ അതിന്റെ ഗുണം ലഭിക്കുക ആ കമ്പനിക്ക് തന്നെയാണെന്നും ചിലർ കമന്റ് ചെയ്തു.

# വെൽനെസ്സ് സെന്ററിൽ നിന്ന് പാനീയം കുടിച്ചു; 53കാരിക്ക് ദാരുണാന്ത്യം

കാൻബെറ: ആസ്ട്രേലിയയിൽ വെൽനെസ്സ് സെന്ററിൽ വെച്ച് പാനീയം കുടിച്ച സ്ത്രീക്ക് ദാരുണാന്ത്യം. രണ്ട് പേരെ നിരീക്ഷണത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് ഡിസ്ചാർജ് ചെയ്തു. വിക്ടോറിയൻ പട്ടണമായ ക്ലൂൺസിലെ വെൽനസ് സെന്ററായ സോൾ ബാർണിലാണ് സംഭവം.

വെൽനെസ്സ് സെന്ററിൽ എത്തിയ സ്ത്രീ പാനീയം കഴിച്ചതിനെ തുടർന്ന് കുഴഞ്ഞ് വീഴുകയായിരുന്നു. ഉടൻ ആശുപത്രിയുമായി ബന്ധപ്പെട്ടതായും മെഡിക്കൽ സഹായം എത്തുന്നതുവരെ പ്രദേശവാസികൾ പ്രാഥമിക ശുശ്രൂഷ നൽകുകയും ചെയ്തതായി ആസ്ട്രേലിയൻ മാധ്യമമായ സ്കൈ ന്യൂസ് റിപ്പോർട്ട് ചെയ്തു.

അന്വേഷണം പ്രാരംഭ ഘട്ടത്തിലാണെന്നും മരണകാരണം കണ്ടെത്താനുള്ള ശ്രമം തുടരുകയാണെന്നും പൊലീസ് പറഞ്ഞു. പാനീയത്തിൽ ലഹരി പദാർത്ഥമായ മഷ്‌റൂം അടങ്ങിയിട്ടുണ്ടോയെന്ന് സംശയമുണ്ടെന്നും അതിനെക്കുറിച്ച് അന്വേഷിക്കുകയാണെന്നും പൊലീസ് കൂട്ടിച്ചേർത്തു.സംഭവത്തിൽ മൂരാബൂൽ ക്രൈം ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് അന്വേഷണം നടത്തുന്നായും പൊലീസ് പറഞ്ഞു. രാവിലെ 12 മണിയോടെ പാനീയം കഴിച്ചതിനെ തുടർന്ന് സ്ത്രീക്ക് അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് ഫ്രേസർ സ്ട്രീറ്റിലെ വിശ്രമസ്ഥലത്ത് ആയിരുന്നുവെന്നുമാണ് പൊലീസ് റിപ്പോർട്ട്.

സംഭവത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ പൊലീസ് വെളിപ്പെടുത്തിയിട്ടില്ല. എന്നാൽ സംഭവത്തെ കുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുന്നവർ അറിയിക്കണമെന്ന് പൊലീസ് അഭ്യർത്ഥിച്ചു.സമഗ്രവും ആരോഗ്യകരവുമായ സൗകര്യവും ഉപദേശവും നൽകുന്ന സ്ഥലമാണ് ഈ വെൽനെസ്സ് സെന്റർ. ഇവിടെ മെഡിറ്റേഷനിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നതായി ആസ്ട്രേലിയൻ മാധ്യമമായ എ.ബി.സി ന്യൂസ് റിപ്പോർട്ട് ചെയ്തു.വിഷാദ രോഗികൾക്ക് രോഗമുക്തിക്കായി ലഹരി മരുന്നുകൾ നൽകാൻ സൈക്യാട്രിസ്റ്റുകളെ അനുവദിച്ച ആദ്യ രാജ്യമായി കഴിഞ്ഞ വർഷം ഓസ്ട്രേലിയ മാറി. യോഗ്യതയുള്ളതും രജിസ്റ്റർ ചെയ്തതുമായ ഡോക്ടർമാർക്ക് വിഷാദ രോഗത്തിന് എം.ഡി.എം.എ ഡോസുകൾ നൽകാൻ അനുമതിയുണ്ട്. മാജിക് മഷ്റൂമിലെ സൈക്കോ ആക്റ്റീവ് ഘടകമായ സൈലോസിബിൻ, വിഷാദരോഗം ചികിത്സിക്കാൻ പ്രയാസമുള്ള ആളുകൾക്കും നൽകാം.

# മാസപ്പടി കേസ്; എസ്.എഫ്.ഐ.ഒ അന്വേഷണം ചോദ്യംചെയ്ത് സി.എം.ആർ.എൽ ഹരജി

ഡൽഹി: മാസപ്പടി കേസിൽ എസ്.എഫ്.ഐ.ഒ അന്വേഷണം ചോദ്യംചെയ്ത് സി.എം.ആർ.എൽ ഡൽഹി ഹൈക്കോടതിയെ സമീപിച്ചു. നടപടികൾ നിയമപരമല്ലെന്നും തെറ്റായ ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിലാണ് എസ്.എഫ്.ഐ.ഒ അന്വേഷണം നടത്തുന്നതെന്നുമാണ് ഹരജിയിൽ ചൂണ്ടിക്കാട്ടുന്നത്.

അതേസമയം, മാസപ്പടി കേസിൽ കൂടുതൽ സി.എം.ആർ.എൽ ഉദ്യോഗസ്ഥരിലേക്ക് അന്വേഷണം വ്യാപിപ്പിക്കുകയാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്. ഇ.ഡി നോട്ടീസ് ലഭിച്ച സി.എം.ആർ.എൽ ഉദ്യോഗസ്ഥർ ചോദ്യംചെയ്യലിന് ഹാജരായി. സി.എം.ആർ.എൽ ചീഫ് ജനറൽ മാനേജറും കമ്പനി സെക്രട്ടറിയുമായ പി.സുരേഷ് കുമാർ, മുൻ ക്യാഷ്യർ വാസുദേവൻ എന്നിവരാണ് ഹാജരായത്. ഇന്ന് ഹാജരാകണമെന്ന് ആവശ്യപ്പെട്ടാണ് ഇ.ഡി നോട്ടീസ് നൽകിയത്.

# കെ.കെ ശൈലജയ്ക്കെതിരായ വ്യാജപ്രചാരണ പരാതി; ലീഗ് പ്രാദേശിക നേതാവിനെതിരെ കേസ്

കോഴിക്കോട്: വടകരയിലെ എൽ.ഡി.എഫ് സ്ഥാനാർഥി കെ.കെ ശൈലജയ്ക്കെതിരായ വ്യാജപ്രചാരണ പരാതിയിൽ മുസ്‌ലിം ലീഗ് പ്രാദേശിക നേതാവിനെതിരെ ന്യൂ മാഹി പൊലീസ് കേസെടുത്തു.

മുസ്‌ലിം ലീഗ് ന്യൂമാഹി പഞ്ചായത്ത് സെക്രട്ടറിയും ന്യൂമാഹി പഞ്ചായത്ത് അംഗവുമായ അസ്‌ലം ടി.എച്ചിനെതിരെയാണ് കേസ്. നാട്ടിൽ ലഹള ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ വാട്സാപ്പ് ഗ്രൂപ്പിൽ വീഡിയോ പോസ്റ്റ് ചെയ്തെന്നാണ് എഫ്.ഐ.ആർ. വാട്സാപ്പ് മെസേജ് ഫോർവേഡ് ചെയ്യുക മാത്രമാണ് ചെയ്തതെന്നും ദുരുദ്ദേശ്യമുണ്ടായിരുന്നില്ലെന്നുമാണ് അസ്‌ലമിൻറെ വിശദീകരണം.

അതേസമയം, തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ച് വ്യക്തിഹത്യ നടത്തുന്നുവെന്ന് കാണിച്ച് വടകര യു.ഡി.എഫ് സ്ഥാനാർഥി ഷാഫി പറമ്പിലിനെതിരെ എൽ.ഡി.എഫ് സ്ഥാനാർഥി കെ.കെ ശൈലജ തെരഞ്ഞെടുപ്പ് കമ്മിഷന് പരാതി നൽകി. നവമാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണം നടത്തുന്നുവെന്നും സ്ഥാനാർഥിയുടെ അറിവോടെയാണ് സൈബർ ആക്രമണമെന്നുമാണ് കെ.കെ ശൈലജയുടെ ആരോപണം. ഫോട്ടോ മോർഫ് ചെയ്തും സംഭാഷണം എഡിറ്റു ചെയ്തും വ്യാജ പ്രചാരണം നടത്തുന്നുവെന്നും ആരോപണമുണ്ട്.

# ഫലസ്തീൻ വിഷയത്തിലുള്ള ശാശ്വത പരിഹാരമാണ് സമാധാനത്തിനുള്ള വഴിയെന്ന് ഖത്തറും യുഎഇയും

ദോഹ: ഫലസ്തീൻ വിഷയത്തിലുള്ള ശാശ്വത പരിഹാരമാണ് മേഖലയിൽ സമാധാനത്തിനുള്ള വഴിയെന്ന് ഖത്തറും യുഎഇയും.ഇറാൻ – ഇസ്രായേൽ വിഷയത്തിൽ സംഘർഷം വ്യാപിക്കാതിരിക്കാനുള്ള ശ്രമങ്ങൾ വേണമെന്നും ഇരു രാജ്യങ്ങളും ആവശ്യപ്പെട്ടു.

ഖത്തർ അമീറും യുഎഇ പ്രസിഡന്റും ഫോണിൽ നടത്തിയ ചർച്ചയിലാണ് ആവശ്യം.പശ്ചിമേഷ്യയിലെ പുതിയ സംഭവ വികാസങ്ങളുടെ പശ്ചാതലത്തിലാണ് ഖത്തർ അമീർ ശൈഖ് തമീം ബിൻ ഹമദ് അൽ താനിയും യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും ഫോണിൽ ചർച്ച നടത്തിയത്.

ഇറാൻ– ഇസ്രായേൽ സംഘർഷം രമ്യമായി പരിഹരിക്കണം,മേഖലയൊന്നാകെ സംഘർഷം വ്യാപിക്കുന്നത് ഒഴിവാക്കമമെന്നും ഇരുനേതാക്കളും ആവശ്യപ്പെട്ടു. ഗസ്സയിൽ ഉടൻ വെടിനിർത്തൽ സാധ്യമാക്കണം.മേഖലയുടെ ശാശ്വത സമാധാനത്തിന് ഫലസ്തീൻ പ്രശ്നത്തിൽ അന്തിമപരിഹാരം കാണണമെന്നും ഖത്തറും യുഎഇയും വിലയിരുത്തി. അതേ സമയം ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ശൈഖ് മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ അൽതാനി ഇറാൻ വിദേശകാര്യ മന്ത്രിയുമായി ഫോണിൽ സംസാരിച്ചു.നിലവിലെ സാഹചര്യങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച ഖത്തർ ഇരുകക്ഷികളും സംയമനം പാലിക്കണമെന്നും ആവശ്യപ്പെട്ടു.

# 'പ്രത്യേക കണക്കൊന്നുമില്ല': വന്ദേഭാരത് ലാഭത്തിലാണോയെന്ന ചോദ്യത്തിന് കിട്ടിയ മറുപടി

ന്യൂഡൽഹി: വന്ദേഭാരത് ട്രെയിനുകളെ സംബന്ധിച്ച് പ്രത്യേക വരുമാനക്കണക്കൊന്നും സൂക്ഷിക്കുന്നില്ലെന്ന് റെയിൽവെ മന്ത്രാലയം. വന്ദേഭാരത് ട്രെയിനുകളുടെ വരുമാനം സംബന്ധിച്ച് വിവരാവകാശനിയമപ്രകാരം ചോദിച്ച ചോദ്യത്തിനാണ് റെയിൽവെ മന്ത്രാലയം ഇങ്ങനെ മറുപടി നൽകിയത്.മധ്യപ്രദേശുകാരനായ ചന്ദ്രശേഖർ ഗൗറാണ് ചോദ്യം ഉന്നയിച്ചത്. കഴിഞ്ഞ രണ്ട് വർഷത്തിൽ വന്ദേഭാരത് ട്രെയിനുകൾ എത്ര ലാഭം റെയിൽവേക്കുണ്ടാക്കി എന്നായിരുന്നു അദ്ദേഹം തേടിയിരുന്നത്. ലാഭമാണോ അതോ നഷ്ടമാണോ സർവീസുകൾ കൊണ്ട് ഉണ്ടായതെന്നും അദ്ദേഹം ചോദിച്ചിരുന്നു.

എന്നാൽ ഓരോ ട്രെയിനുകളെ സംബന്ധിച്ച ലാഭ-നഷ്ട കണക്ക് സൂക്ഷിക്കുന്നില്ലെന്നാണ് റെയിൽവെ മറുപടി നൽകിയത്. അതേസമയം വന്ദേഭാരതിൽ സഞ്ചരിച്ച ആളുകളുടെ എണ്ണവും ദൂരവും റെയിൽവേ വ്യക്തമാക്കുന്നുണ്ട്. രാജ്യത്തെ ആദ്യ സെമി ഹൈസ്പീഡ് ട്രെയിനാണ് വന്ദേഭാരത്. 2019 ഫെബ്രുവരി 15ന് ന്യൂഡൽഹി വാരണാസി റൂട്ടിലാണ് ആദ്യമായി ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്തത്. ഇന്ന് നൂറ് റൂട്ടുകളിലായി 102 വന്ദേഭാരത് ട്രെയിനുകളാണ് രാജ്യത്ത് ഓടുന്നത്.

24 സംസ്ഥാനങ്ങളിലെ 284 ജില്ലകളിലൂടെ വന്ദേഭാരത് സർവീസ് നടത്തുന്നുണ്ട്. അതേസമയം സർവീസ് ആരംഭിച്ചതിന് ശേഷം രണ്ട് കോടിയാളുകൾ ട്രെയിൻ ഉപയോഗപ്പെടുത്തിയതായി റെയിൽവെ വ്യക്തമാക്കിയിരുന്നു. വന്ദേഭാരത് ട്രെയിനുകൾ ചില റൂട്ടുകളിൽ ഉപകാരപ്രദമാണെന്നും എന്നാൽ മറ്റുചില റൂട്ടുകളിൽ ആളില്ലാതെയാണ് സർവീസ് നടത്തുന്നതെന്ന വിലയിരുത്തലുകളും ഉണ്ട്.

# ഐഫോണിന്റെ ആധിപത്യം അവസാനിക്കുന്നതായി കണക്കുകൾ




ന്യൂഡൽഹി: സ്മാർട്ട് ഫോൺ വിപണിയിൽ, ഐഫോണിന്റെ ആധിപത്യം അവസാനിക്കുന്നതായി കണക്കുകൾ. മാർക്കറ്റ് റിസർച്ച് സ്ഥാപനമായ, ഐഡിസി യുടെ പുതിയ റിപ്പോർട്ട് പ്രകാരം, സാംസങ്ങാണ് വിപണിയിൽ ഒന്നാം സ്ഥാനം കൈയ്യടക്കിയത്. ഇതോടെ ഒന്നാം നമ്പർ സ്മാർട്ട്ഫോൺ എന്ന ഐഫോണിന്റെ ഭരണം അവസാനിച്ചു.

2024ന്റെ ആദ്യ പാദത്തിൽ, 20.8% വിപണി വിഹിതവുമായി സാംസങ്, 60.1 ദശലക്ഷം യൂണിറ്റുകളാണ് കയറ്റി അയച്ചത്.അതെസമയം ആപ്പിളിന്റെ കയറ്റുമതി 10% കുറഞ്ഞു. അവർ കയറ്റുമതി ചെയ്തത് 50.1 ദശലക്ഷം യൂണിറ്റുകളാണ്.കഴിഞ്ഞ വർഷം, ഇതേ പാദത്തിൽ ആപ്പിൾ 55.4 ദശലക്ഷം ഐഫോണുകൾ, കയറ്റി അയച്ചിരുന്നു.2024 ലെ ആദ്യ പാദത്തിൽ, വെറും 40 ദശലക്ഷത്തിലധികം യൂണിറ്റുകൾ, കയറ്റി അയച്ചതിനാൽ, 14.1% വിപണി വിഹിതവുമായി മൂന്നാം സ്ഥാനത്താണ് ചൈനീസ് നിർമ്മാണ കമ്പനിയായ ഷഓമി. കഴിഞ്ഞ രണ്ട് വർഷമായി നേരിട്ട വലിയ തകർച്ചയിൽ നിന്ന്, ഷഓമി ശക്തമായി തിരിച്ചുവരവാണ് നടത്തിയത്.സാംസങ്ങും ആപ്പിളും വിപണിയുടെ ഉയർന്ന തലം കൈവശം വെക്കുമെങ്കിലും, ചൈനയിലെ ഹുവാവെയ് കമ്പനിയുടെ തിരിച്ചുവരവും ഷഓമി, വിവോ,ഒപ്പോ, വൺ പ്ലസ് തുടങ്ങിയവ സൃഷ്ടിക്കുന്ന വെല്ലുവിളികളും, വിപണിയിൽ പ്രകടമാണ്.

ആഗോള സ്മാർട്ട്ഫോൺ കയറ്റുമതി, വർഷം തോറും 7.8% വർധിച്ച്, 2024 ന്റെ ആദ്യ പാദത്തിൽ 289.4 ദശലക്ഷം യൂണിറ്റായി ഉയർന്നതായും റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ഗാലക്സി എസ് 24 സീരീസാണ്, ഈ വർഷത്തിന്റെ തുടക്കത്തിൽ, സാംസങ് അവതരിപ്പിച്ചത്. വൻവരവേൽപ്പാണ് ഈ മോഡലുകൾക്ക് ലഭിച്ചത്. മുൻ പതിപ്പുകളോട് കാഴ്ചയിൽ സാമ്യതയുണ്ടെങ്കിലും, പുതിയ ഹാർഡ് വെയറുകളാണ് ശ്രദ്ധേയമാക്കുന്നത്.

എ.ഐ സൗകര്യങ്ങളോടെയാണ്, സാംസങ് ഗാലക്സി എസ് 24 സീരീസ് സ്മാർട്ട് ഫോണുകൾ എത്തിയത്. Galaxy S24 സ്മാർട്ട്ഫോണുകളുടെ ആഗോള വിൽപ്പന, കഴിഞ്ഞ വർഷത്തെ Galaxy S23 സീരീസുമായി താരതമ്യം ചെയ്യുമ്പോൾ 8% ഉയർന്നിരുന്നു.വിപണിയിൽ തിരിച്ചടി നേരിട്ടതിനാൽ, ആപ്പിളിന്റെ പുതിയ മോഡലിനെ ആകാംക്ഷയോടെയാണ് ടെക് പ്രേമികൾ കാത്തിരിക്കുന്നത്. പതിവ് പോലെ സെപ്തംബറിൽ, ഐഫോണുകളുടെ പുതിയ മോഡലുകൾ അവതരിപ്പിക്കും. സാധാരണ സ്റ്റാന്റേർഡ്, പ്ലസ്, പ്രോ, പ്രോമാക്സ് എന്നിങ്ങനെ നാല് മോഡലുകളാണ്, ആപ്പിൾ അവതരിപ്പിക്കാറുള്ളത്.

ഇത്തവണ അഞ്ച് ഐഫോൺ മോഡലുകൾ, ആപ്പിൾ അവതരിപ്പിക്കുമെന്നാണ് റിപ്പോർട്ടുകൾ.കൂടുതൽ പുതുമകളോടെയാണ് ആപ്പിളിന്റെ ഏറ്റവും പുതിയ ഓപ്പറേറ്റിങ് സിസ്റ്റം ഐ.ഒ.എസ് 18 എത്തുന്നത്. എ.ഐ ഫീച്ചറുകളാണ്, പ്രധാന പ്രത്യകത. എ.ഐ പ്രത്യേകതകൾക്കായി, അമേരിക്ക കേന്ദ്രമായി പ്രവർത്തിക്കുന്ന 'ഓപ്പൺ എ.ഐ'യുമായി ആപ്പിൾ കൈക്കോർക്കുന്നുവെന്ന റിപ്പോർട്ടുകളും സജീവമാണ്.

## "പകുതിപേർക്ക് ഇംഗ്ലീഷ് പോലും അറിയില്ല"; ആർ.സി.ബി മാനേജ്മെന്റിനെതിരെ വിമർശനവുമായി സെവാഗ്

ന്യൂഡൽഹി: ആർ.സി.ബി മാനേജ്മെന്റിനെ ശക്തമായി വിമർശിച്ച് മുൻ ഇന്ത്യൻ താരം വിരേന്ദർ സെവാഗ്. ഹൈദരാബാദിനെതിരായ മത്സരത്തിൽ ആർ.സി.ബി പരാജയപ്പെട്ടതിന് പിന്നാലെയാണ് പ്രതികരണം.

' 12 മുതൽ 15 വരെ ഇന്ത്യൻ താരങ്ങളുള്ള ടീമിൽ മുഴുവനും വിദേശ സ്റ്റാഫുകളാണെങ്കിൽ അതൊരു പ്രശ്നമാണ്. വിദേശതാരങ്ങൾ വളരെ കുറവാണ്. ബാക്കിയുള്ളത് മുഴുവൻ ഇന്ത്യൻ താരങ്ങളാണ് ,അതിൽ പകുതി പേർക്കും ഇംഗ്ലീഷ് മനസിലാവില്ല. വിദേശ സ്റ്റാഫുകൾ എങ്ങന അവരെ പ്രചോദിപ്പിക്കും അവരുടെ കൂടെ ആര് സമയം ചിലവഴിക്കും ആര് സംസാരിക്കും ' മത്സരശേഷം ക്രിക്ക്ബസിൽ സംസാരിക്കുകയായിരുന്ന സെവാഗ് പറഞ്ഞു.

ബംഗളൂരുവിന്റെ മുഖ്യ പരിശീലകനായ ആൻഡി ഫ്ളവറും ബൗളിങ് പരിശീലകൻ ആഡം ഗ്രിഫിത്തും വിദേശികളാണ്. ഇന്ത്യൻ താരങ്ങൾക്ക് അവരോട് സംസാരിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുമെന്നും സെവാഗ് കൂട്ടിച്ചേർത്തു.

മുൻ ഇന്ത്യൻ താരം മനോജ് തിവാരിയും മാനേജ്മെന്റിന്റെ തെറ്റായ തീരുമാനങ്ങൾ ചൂണ്ടിക്കാട്ടി. "താരലേലം മുതൽ പ്രശ്നങ്ങൾ തുടങ്ങുന്നു. മികച്ച താരങ്ങളെല്ലാം മറ്റ് ടീമുകളിലേക്ക് പോവുകയും മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്യുന്നു.അതിനുദാഹരണമാണ് ഈ സീസണിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ യുസ്‌വേന്ദ്ര ചഹൽ. ഈ താരങ്ങളെയൊന്നും ടീം നിലനിർത്താൻ ശ്രമിക്കുന്നില്ല. വിരാട് കോഹ്‌ലിയുടെ ക്യാപ്റ്റൻസിയിൽ അവർ ഉറച്ചു നിന്നില്ല.' തിവാരി പറഞ്ഞു.തിങ്കളാഴ്ച സൺറൈസേഴ്സിനെതിരെ ആർ.സി.ബി 25 റൺസിന് തോറ്റിരുന്നു. ബംഗളൂരുവിന്റെ സീസണിലെ ആറാം തോൽവിയായിരുന്നുഇത്.



## ബാഴ്സയെ തകർത്ത് പിഎസ്ജി ചാമ്പ്യൻസ് ലീഗ് സെമിയിൽ




## സിറ്റിയോ റയലോ, ബയേണോ ആഴ്സണലോ ഇന്ന് അറിയാം

യുവേഫ ചാമ്പ്യൻസ് ലീഗിൽ നിന്ന് നിർണായകമായ രണ്ട് ക്വാർട്ടർ ഫൈനലുകൾ നടക്കും. മാഞ്ചസ്റ്ററിൽ വച്ച് നടക്കുന്ന മത്സരത്തിൽ മാഞ്ചസ്റ്റർ സിറ്റി റയൽ മാഡ്രിഡിനെയും ജർമ്മനിയിൽ മ്യൂണിക്കൽ വച്ച് നടക്കുന്ന മത്സരത്തിൽ ബയേൺ മ്യൂണിക്ക് ആഴ്സണലിനെയും നേരിടും. ഈ രണ്ട് ക്വാർട്ടർ ഫൈനൽ മത്സരങ്ങളും ആദ്യ പാദം സമനിലയിൽ അവസാനിച്ചിരുന്നു.

മാഡ്രിഡിൽ നടന്ന റയൽ മാഡ്രിഡും മാഞ്ചസ്റ്റർ സിറ്റിയും തമ്മിൽ നടന്ന മത്സരം 3-3 എന്ന സമനിലയിലാണ് പിരിഞ്ഞത്. ഇന്ന് സിറ്റിയുടെ ഹോം ഗ്രൗണ്ടായ ഇത്തിഹാദ് സ്റ്റേഡിയത്തിൽ ആണ് മത്സരം നടക്കുന്നത്. ഇതുകൊണ്ട് തന്നെ സിറ്റിക്ക് ആധിപത്യം ഉണ്ടാകും.

ആഴ്സണലും ബയേണും തമ്മിൽ ആദ്യപാദത്തിൽ 2-2 എന്ന സമനിലയിൽ ആയിരുന്നു പിരിഞ്ഞിരുന്നത്. ബുണ്ടസ് ലീഗ കിരീടം നഷ്ടപ്പെട്ട ബയേണ് ചാമ്പ്യൻസ് ലീഗിലാണ് ഇനി ആകെയുള്ള പ്രതീക്ഷ. അതുകൊണ്ടുതന്നെ അവർ സെമി ഫൈനൽ ഉറപ്പിക്കാനാകും ഇന്ന് ശ്രമിക്കുക.

ആഴ്സണൽ ആകട്ടെ പ്രീമിയർ ലീഗിൽ ഒരു വലിയ പരാജയം നേരിട്ടാണ് വരുന്നത്. അവസാന മത്സരത്തിൽ അവർ ആസ്റ്റൺ വില്ലയോട് പരാജയപ്പെട്ടിരുന്നു. ഇന്നത്തെ ക്വാർട്ടർ ഫൈനലിൽ വിജയിക്കുന്ന ടീമുകൾ തമ്മിലാകും സെമി ഫൈനലിൽ ഏറ്റുമുട്ടുക. ഇന്നത്തെ രണ്ടു മത്സരങ്ങളും രാത്രി 12:30ന് ആരംഭിക്കും. കളി തൽസമയം സോണി ലൈവിൽ കാണാം.

മാഡ്രിഡ്: യുവേഫ ചാമ്പ്യൻസ് ലീഗ് ക്വാർട്ടർ ഫൈനൽ രണ്ടാം പാദത്തിൽ ബാഴ്സലോണയെ തകർത്ത് പി.എസ്.ജി. സെമി ഫൈനലിൽ.

ആദ്യ പാദത്തിൽ 3-2ന് ജയിച്ചതിന്റെ ആനുകൂല്യം കറ്റാലൻമാർക്ക് മുതലാക്കാനായില്ല. ബാഴ്സയുടെ ഹോം ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ ഒന്നിനെതിരേ നാലു ഗോളുകൾക്കാണ് പി.എസ്.ജി.യുടെ ജയം. ഇതോടെ 6-4 അഗ്രിഗേറ്റ് സ്കോറോടെ പി.എസ്.ജി. സെമിയിൽ പ്രവേശിച്ചു. രണ്ട് ഗോളുകൾ നേടിയ കിലിയൻ എംബാപ്പെയാണ് ബാഴ്സയെ തകർത്തത്.

12-ാം മിനിറ്റിൽ റാഫീഞ്ഞ ബാഴ്സയെ ആദ്യം മുന്നിലെത്തിച്ച് പ്രതീക്ഷകൾ സജീവമാക്കി. ലമിനെ യമാൽ നൽകിയ ക്രോസ് റാഫീഞ്ഞ ഗോളാക്കി മാറ്റുകയായിരുന്നു. പിന്നീട് 29-ാം മിനിറ്റിൽ ബാർകോളയെ ഫൗൾ ചെയ്തതിന് റൊണാൾഡ് അറോഹൊ ചുവപ്പുകാർഡ് കണ്ട് പുറത്തായി. ഇത് ബാഴ്സയ്ക്ക് വൻ തിരിച്ചടിയായി. പത്തുപേരായി ചുരുങ്ങി ബാഴ്സയ്ക്കുമേൽ പിന്നീടാണ് പി.എസ്.ജി.യുടെ നാലു ഗോളുകളും പിറന്നത്.

40-ാം മിനിറ്റിൽ ബാർകോളയുടെ പാസിൽനിന്ന് ഒസ്മാൻ ഡെംബലെയാണ് പി.എസ്.ജി.ക്കായി ആദ്യ ഗോൾ നേടിയത്. ഇതോടെ 1-1 എന്ന നിലയിൽ ആദ്യ പകുതി അവസാനിച്ചു. തുടർന്ന് 54-ാം മിനിറ്റിൽ വിറ്റിഞ്ഞ വീണ്ടും പി.എസ്.ജി.യെ മുന്നിലെത്തിച്ചു. ഇതോടെ അഗ്രിഗേറ്റ് സ്കോർ 4-4 എന്ന നിലയിലായി. തുടർന്ന് 61, 89 മിനിറ്റുകളിൽ കിലിയൻ എംബാപ്പെ വല ചലിപ്പിച്ചതൊടെയാണ് പി.എസ്.ജി സെമി പേരാട്ടത്തിന് യോഗ്യത നേടിയത്.

എംബാപ്പെയുടെ ഗോളുകളിലൊന്നിൽ 61-ാം മിനിറ്റിൽ ഒസ്മാൻ ഡെംബലയെ കാൻസലോ വീഴ്ത്തിയതോടെ ലഭിച്ച പെനാൽറ്റി വകയാണ്. നിശ്ചിതസമയം അവസാനിക്കാൻ ഒരു മിനിറ്റ് ശേഷിക്കേ, മികച്ച ഒരു കൗണ്ടർ അറ്റാക്കിങ്ങിലൂടെ എംബാപ്പെ രണ്ടാം ഗോൾ കണ്ടെത്തി. പി.എസ്.ജി.യുടെ വിജയവും ഉറപ്പാക്കി. ഇതിനിടെ ബാഴ്സലോണ പരിശീലകൻ സാവിക്കും ചുവപ്പ് കാർഡ് ലഭിച്ചിരുന്നു.

മറ്റൊരു ക്വാർട്ടർ ഫൈനൽ രണ്ടാം പാദ മത്സരത്തിൽ ബൊറൂസിയ ഡോർട്ട്മുണ്ടും വൻ തിരിച്ചുവരവ് നടത്തി. രണ്ടാം പാദത്തിൽ അത്‌ലറ്റിക്കോ മാഡ്രിഡിനെ 4-2-ന് തകർത്താണ് ഡോർട്ട്മുണ്ടിന്റെ സെമി പ്രവേശം. മാഡ്രിഡിൽ നടന്ന ആദ്യപാദത്തിൽ 2-1ന് പിന്നിലായിരുന്ന ഡോർട്ട്മുണ്ട് സ്വന്തം ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ വിജയിച്ച് അഗ്രിഗേറ്റ് സ്കോറിൽ 5-4ന് മുന്നിലെത്തി. 2013-ന് ശേഷം ആദ്യമായാണ് ബൊറൂസിയ ഡോർട്ട്മുണ്ട് ചാമ്പ്യൻസ് ലീഗ് സെമിയിൽ പ്രവേശിക്കുന്നത്.

34-ാം മിനിറ്റിൽ ജൂലിയൻ ബ്രാണ്ട്ടിയാണ് ഡോർട്ട്മുണ്ടിനായി ആദ്യം വല ചലിപ്പിച്ചത്. 39-ാം മിനിറ്റിൽ ഇയാൻ മാറ്റ്സനും ഗോൾ കണ്ടെത്തിയതോടെ ആദ്യ പകുതിയിൽത്തന്നെ ഡോർട്ട്മുണ്ട് സെമിയോടടുത്തു. പക്ഷേ, രണ്ടാം പകുതിയിലെ 49-ാം മിനിറ്റിൽ ഡോർട്ട്മുണ്ടിന്റെ പ്രതിരോധ താരം മാറ്റ്സ് ഹമ്മൽസിന്റെ ഓൺ ഗോളിലൂടെ അത്‌ലറ്റിക്കോ തിരിച്ചുവന്നു. തുടർന്ന് എയ്ഞ്ചൽ കൊറിയ അത്‌ലറ്റിക്കോയ്ക്കായി ലീഡ് നേടി.

ഏഴ് മിനിറ്റുകൾക്കുശേഷം ഡോർട്ട്മുണ്ട് മുന്നേറ്റ താരം നിസ്ലസ് ഫുൾക്രഗ് ഗോൾ നേടിയതോടെ കളി വീണ്ടും സമാസമം.

മൂന്ന് മിനിറ്റുകൾക്ക് ശേഷം 74-ാം മിനിറ്റിൽ മാർസൽ സബിറ്റസർ വല ചലിപ്പിച്ചതോടെ ഡോർട്ട്മുണ്ടിന്റെ സെമി മോഹം സഫലമായി. സെമിയിൽ പി.എസ്.ജി.യാണ് ഡോർട്ട്മുണ്ടിന്റെ എതിരാളി.

## പാണ്ഡ്യക്ക് നല്ല എട്ടിന്റെ പണി വരുന്നുണ്ട്; ചർച്ച നടത്തി സെലക്ടർമാർ

ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമയും മുഖ്യ പരിശീലകൻ രാഹുൽ ദ്രാവിഡും ചീഫ് സെലക്ടർ അജിത് അഗാകറും കഴിഞ്ഞ ആഴ്ച മുംബൈയിൽ ഒരു കൂടിക്കാഴ്ച നടത്തിയിരുന്നു.

വരാനിരിക്കുന്ന ടി-ട്വന്റി ലോകകപ്പ് ടീമിനെ കുറിച്ച് ചർച്ച ചെയ്യാൻ ആണ് ഇരുവരും കൂടിക്കാഴ്ച നടത്തിയതെന്ന് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തു.

ഹർദിക് പാണ്ഡ്യയുടെ ബൗളിങ് ഫിറ്റ്നസിനെ കുറിച്ചുള്ള ആശങ്കകളും ടീമിലെ സ്ഥാനത്തെക്കുറിച്ചും ആണ് അവർ ചർച്ച നടത്തിയത്. ഐ.പി.എൽ അവസാനിക്കുമ്പോഴേക്കും 15 അംഗമുള്ള അന്തിമ പട്ടിക തയ്യാറാക്കാനിരിക്കവേ പാണ്ഡ്യയുടെ സ്ഥാനം സംശയത്തിലാണെന്നും യോഗത്തിൽ പറഞ്ഞു.

നിലവിൽ ക്യാപ്റ്റൻസിലും പ്രകടനത്തിലും ഹർദിക് സമ്മർദത്തിലാണ്. ആറ് മത്സരത്തിൽ നിന്ന് 131 റൺസ് മാത്രമാണ് താരം നേടിയത്. ആർ.സി.ബിക്ക് എതിരെ 6 പന്തിൽ 21 റൺസ് നേടിയത് ഒഴിച്ചാൽ താരത്തിന് കാര്യമായി സീസണിൽ ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. രോഹിത്തിനും ദ്രാവിഡനും ആഗാക്കറിനും ബാറ്റിങ്ങിലെ വിഷയത്തെക്കാൾ താരത്തിന്റെ ബൗളിങ്ങിൽ ആണ് ആശങ്ക.

കൃത്യതയില്ലാത്തതും സ്ഥിരത ഇല്ലാത്തതും ഹർദിക്കിന് തിരിച്ചടിയാണ്. ചെന്നൈ സൂപ്പർ കിങ്സിനെതിരായ കഴിഞ്ഞ മത്സരത്തിൽ എം.എസ്. ധോണിക്ക് എതിരെ പന്ത് എറിഞ്ഞപ്പോൾ നാല് സിക്സറുകളാണ് പാണ്ഡ്യ വഴങ്ങിയത്.

## അറോഹോ ചുവപ്പ് കാർഡ് അർഹിച്ചിരുന്നില്ല, സാവി

പി എസ് സി ക്കെതിരായ മത്സരത്തിൽ റെഡ് കാർഡ് ആണ് കളിയുടെ വിധിയെഴുതിയത് എന്ന് ബാഴ്സലോണ പരിശീലകൻ സാവി. അറോഹോയെ പുറത്താക്കാനുള്ള റഫറിയുടെ തീരുമാനം തെറ്റായിരുന്നുവെന്നും അത് കളിയെ തന്നെ ഇല്ലാതാക്കി എന്നും സാവി പറഞ്ഞു. താൻ പരിശീലകനായ കാലത്ത് ബാഴ്സലോണക്കെതിരെ റഫറിയുടെ ഭാഗത്ത് നിന്ന് നിർഭാഗ്യകരമായ തീരുമാനങ്ങളാണ് ഉണ്ടാകുന്നത് എന്നും അദ്ദേഹം പറഞ്ഞു.

അറോഹോയുടെ റെഡ് കാർഡ് തീർത്തും ആവശ്യമില്ലാത്തതായിരുന്നു. ആ റെഡ് കാർഡ് വരുന്നതുവരെ ബാഴ്സലോണ ആയിരുന്നു കളിയിൽ മുൻതൂക്കം പുലർത്തിയത് എന്നും കളി തങ്ങൾ ജയിച്ചേനെ എന്നും ബാഴ്സലോണ പരിശീലകൻ പറഞ്ഞു.

ചാമ്പ്യൻസ് ലീഗ് പോലുള്ള ലെവലിൽ 10 പേരുമായി കളിച്ചു വിജയിക്കുന്നത് നടക്കുന്ന കാര്യമല്ല. ആദ്യ പാദത്തിൽ റഫറിക്ക് വിറ്റീനോയെ സെൻറ് ഓഫ് ചെയ്യാം ആയിരുന്നു എന്നാൽ അന്ന് അവർ ചുവപ്പ് കാർഡ് നൽകിയില്ല. സാവി പറഞ്ഞു.

അറോഹോ മാത്രമല്ല സാവിയും ചുവപ്പ് ജാർഡ് വാങ്ങിയിരുന്നു. താൻ ഈ കാർഡ് അർഹിച്ചിരുന്നു എന്നും സാവി പറഞ്ഞു. പത്തു പേരായി ചുരുങ്ങിയപ്പോൾ ബാഴ്സലോണ ഡിഫൻഡ് ചെയ്യാൻ ശ്രമിച്ചു പക്ഷേ ഡിഫൻഡിങ് നമ്മുടെ ശക്തിയല്ല എന്ന് സാവി പറഞ്ഞു.

## സൂപ്പർ ത്രില്ലർ; രാജകീയ വിജയവുമായി രാജസ്ഥാൻ




## യൂത്ത് ദേശീയ ബാസ്ക്കറ്റ്ബോൾ; കേരള പെൺകുട്ടികൾക്ക് വെങ്കലം

കൊൽക്കത്ത: ഐപിഎല്ലിലെ ഏറ്റവും ഉയർന്ന റൺ ചേസ് കണ്ട ത്രില്ലറിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ വീഴ്ത്തി രാജസ്ഥാൻ റോയൽസിന് രാജകീയ വിജയം. ജോസ് ബട്‌ലറുടെ സെഞ്ചുറി കരുത്തിലാണ് രാജസ്ഥാൻ കൈവിട്ടുപോയ വിജയം തിരിച്ചുപിടിച്ചത്. ഇതോടെ ഈ സീസണിൽ സഞ്ജുവും കൂട്ടരുടെയും വിജയം ആറായി. സ്കോർ: കൊൽക്കത്ത: 223/6, രാജസ്ഥാൻ: 224/8

60 പന്തിൽ 107 റൺസെടുത്ത് പുറത്താകാതെ നിന്ന ജോസ് ബട്‌ലറാണ് രാജസ്ഥാന്റെ വിജയശിൽപി. ആറു സിക്സറുകളും ഒൻപത് ഫോറുകളും അടങ്ങുന്നതായിരുന്നു ബട്‌ലറുടെ ഇന്നിങ്സ്. ഒരു ഘട്ടത്തിൽ ആറിന് 121 എന്ന നിലയിൽ പരാജയം മുന്നിൽ കണ്ട രാജസ്ഥാനെ മത്സരത്തിലേക്ക് കൈപിടിച്ച് ഉയർത്തിയ റോവ്മാൻ പവലും രാജസ്ഥാന്റെ വിജയത്തിൽ നിർണായകമായി.

224 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ രാജസ്ഥാന് ജയ്സ്വാളും ജോസ് ബട്‌ലറും ഭേദപ്പെട്ട തുടക്കമാണ് നൽകിയത്. ജെയ്സ്വാൾ( 9 പന്തിൽ 19) റൺസ് എടുത്ത് പുറത്തായി. പിന്നീട് എത്തിയ സഞ്ജുവിനും അധികനേരം പിടിച്ചുനിൽക്കാനായില്ല. റിയാൻ പരാഗിനെ കൂട്ടുപിടിച്ച് ബട്‌ലർ സ്കോർ ബോർഡ് ചലിപ്പിച്ചു. ഇരുവരും ചേർന്ന് ഏഴാം ഓവറിൽ സ്കോർ 90 കടത്തി. സിക്സറടിക്കാനുള്ള ശ്രമത്തിൽ പരാഗും പുറത്തായി. 14 പന്തിൽ 34 റൺസാണ് പരാഗ് നേടിയത്.




അശ്വിനും, ഹെറ്റ്മയറും അതിവേഗം ക്രീസ് വിട്ടപ്പോൾ മറുവശത്ത് ബട്‌ലർ ഉറച്ചുനിന്നു.ആറാം വിക്കറ്റിൽ ബട്‌ലറിന് കൂട്ടായി ക്രീസിലെത്തിയ റോവ്മാൻ പവൽ പതിയെ താളം കണ്ടെത്തി കൂറ്റൻ അടികളുമായി പിന്തുണ നൽകിയതോടെ രാജസ്ഥാന് വീണ്ടും പ്രതീക്ഷ.

നരെയ്ൻ എറിഞ്ഞ പതിനാറാം ഓവറിൽ ആദ്യ ബോൾ ബൗണ്ടറി കടത്തിയ പവൽ തുടരെ രണ്ടു സിക്സറുകളും പറത്തി. എന്നാൽ അഞ്ചാം പന്തിൽ എൽബിഡബ്ല്യൂവിന് പുറത്ത്. ഇതോടെ രാജസ്ഥാൻ വീണ്ടും സമ്മർദ്ദത്തിലായി. പിന്നാലെ എത്തിയ ട്രെന്റ് ബോൾട്ട് റണ്ണൊന്നുമെടുക്കാതെ പുറത്തായി. ബോൾട്ടിനു പിന്നാലെ ക്രീസിലെത്തിയ ആവേശ് ഖാനെ സാക്ഷിനിർത്തി ബട്‌ലർ ഈ സീസണിലെ തന്റെ രണ്ടാം സെഞ്ചറി നേടി, ഒപ്പം രാജസ്ഥാന് ആറാം വിജയവും സമ്മാനിച്ചു.നരെയ്ൻസെഞ്ചറിയുമായി ഓപ്പണർ സുനിൽ നരെയ്ൻ കളം നിറഞ്ഞപ്പോൾ രാജസ്ഥാൻ റോയൽസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് മികച്ച സ്കോറാണ് അടിച്ചെടുത്തത്. നിശ്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 223 റൺസാണ് കൊൽക്കത്ത നേടിയത്. 56 പന്തിൽ ആറു സിക്സറുകളുടെയും 13 ഫോറുകളുടെയും അകമ്പടിയോടെ 109 റൺസെടുത്ത നരെയ്നാണ് കൊൽക്കത്തയുടെ ടോപ് സ്കോറർ. രാജസ്ഥാനു വേണ്ടി ആവേശ് ഖാൻ രണ്ടു വിക്കറ്റുകളും ട്രെന്റ് ബോൾട്ട്, കുൽദീപ സെൻ, യുസ്‌വേന്ദ്ര ചെഹൽ എന്നിവർ ഒരോ വിക്കറ്റും വീഴ്ത്തി.

പുതുച്ചേരി: പുതുച്ചേരിയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന 38-ാമത് യൂത്ത് ദേശീയ ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ കേരള പെൺകുട്ടികൾ 68-67ന് രാജസ്ഥാനെ തോൽപ്പിച്ച് വെങ്കലം കരസ്ഥമാക്കി. ഉത്തർപ്രദേശിനെ തോൽപ്പിച്ച് (6355) തോൽപിച്ച് കേരള ആൺകുട്ടികൾ അഞ്ചാംസ്ഥാനം നേടി.

മൂന്നാംസ്ഥാനത്തിനുവേണ്ടിയുള്ള കേരളവും രാജസ്ഥാനും തമ്മിലുള്ള ബാസ്ക്കറ്റ്ബോൾ മത്സരം തുടക്കം മുതൽ അവസാനം വരെ ലെഡുകൾ മാറി മറിഞ്ഞുള്ളതായിരുന്നു. ഒന്നാം ക്വാർട്ടറിൽ രാജസ്ഥാൻ ഒരു പോയിന്റ് ലീഡ് നേടിയെങ്കിലും ആദ്യ പകുതി അവസാനിക്കുമ്പോൾ കേരളം 28-26ന് ലീഡ് നേടി.

മൂന്നാംപാദം അവസാനിച്ചപ്പോൾ രാജസ്ഥാൻ ശ്രദ്ധേയമായ തിരിച്ചുവരവ് നടത്തി 47-36 എന്ന നിലയിൽ ക്വാർട്ടർ അവസാനിപ്പിച്ചു. അവസാനപാദത്തിൽ കേരളത്തിന്റെ ഉയരം കൂടിയ താരങ്ങളായ ക്ലോഡിയയുടെ 9 പോയിന്റും നിരഞ്ജനയുടെ 8 പോയിന്റും കേരളത്തെ 65-33 എന്ന സ്കോറിന് വെങ്കല മെഡൽ ജേതാവാകാൻ സഹായിച്ചു.ഈ ചാമ്പ്യൻഷിപ്പിലുടനീളം മികച്ച പ്രകടനം കാഴ്ചവെച്ച അർഥിക തന്നെ ആയിരുന്നു 20 പോയിന്റുമായി കേരളത്തിന്റെ ടോപ് സ്കോറർ. സമാപന ദിവസം എൽ എൻ സി പി പ്രിൻസിപ്പലും സായി റീജിയണൽ ഡയറക്ടറുമായ ജി കിഷോർ മുഖ്യാതിഥിയായിരുന്നു.

വിശദമായ സ്കോറുകൾ

കേരളം 63 (അർഥിക 20, ക്ലൗഡിയ ഓഡൻ 17, നിരഞ്ജന ജിജു 16) രാജസ്ഥാൻ 55 (പ്രിയങ്ക പാൽ 15, യശസ്വി സിംഗ് 13, പ്രിയാൻഷി ജോഷി 13, സേബ റിയാസ് 10)

ആൺകുട്ടികളുടെ അഞ്ചാം സ്ഥാനം

കേരളം 68 (വിനയ് ശങ്കർ 16, മിലൻ ജോസ് വിൻസെന്റ് 16, ജിൻസ് കെ ജോബി 13, നിയുക്ത് സലിൽ 11, ജീവൻ കെ ജോബി 11) ഉത്തർപ്രദേശ് 67 (അനോജ് ദിവാകർ 16, ജെ പ്രിൻസ് രാജ്ഭോർ 14, എറ്റിൻ ഹൂഡ 13).

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.